"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ മിഷൻ - കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം - കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോ ഭേദഗതി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.50/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

പരാമർശം:-

1. 18/08/1995-ലെ സ.ഉ.(സാധാ)നം.794/1995/തസ്വഭവ
2. 08/08/2008 -ലെ സ.ഉ.(പി)നം.222/2008/തസ്വഭവ
3. 07/10/2014 -ലെ സ.ഉ.(പി)നം.170/2014/തസ്വഭവ
4. 13/11/2014 -ലെ സ.ഉ.(പി)നം. 198/2014/തസ്വഭവ
5. 15/01/2021 -ലെ സ.ഉ.(പി)നം.10/2021/തസ്വഭവ
6. 08/11/2021 -ലെ സ.ഉ.(പി)നം.55/2021/തസ്വഭവ
7. 29/01/2024-ലെ സ.ഉ.(പി)നം.19/2024/തസ്വഭവ
8. 26/03/2025-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗത്തിലെ അജണ്ട നം. 3 പ്രകാരമുള്ള തീരുമാനം
9. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/05/2025-ലെ KSHO/2034/2024-M1 നം കത്ത്.

**ഉത്തരവ്**

കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോ പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകരിച്ചും പരാമർശം (2), (3), (4), (5), (6), (7) ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ നിലവിലെ ബൈലോയിൽ ഭേദഗതി വരുത്തണമെന്ന കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ പരാമർശം (8)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ബൈലോ ഭേദഗതിക്ക് അംഗീകാരം നല്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (9) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| **അനുച്ഛേദം** | **നിലവിലുള്ളത്** | **ഭേദഗതി വരുത്തേണ്ടത്** |
|---|---|---|
| 5 | **നിർവചനങ്ങൾ** | |
| Vi | **കുടുംബം:** ഒരേ വീട്ടിൽ/ഒരേ വാസ | **കുടുംബം:**ഒരേ വീട്ടിൽ/ഒരേ വാസ |

| | | |
|---|---|---|
| | സ്ഥാനത്ത്/ഒരേ അടുക്കളയിൽ/ഒരേ പാത്രത്തിൽ ഭക്ഷണം പാചകം ചെയ്തു കഴിക്കുകയും ഒന്നിച്ചു താമസിക്കുകയും ചെയ്യുന്ന പരസ്പര ബന്ധമുള്ള ആൾക്കാർ അടങ്ങുന്നതാണ് ഒരു കുടുംബം. | സ്ഥാനത്ത്/ഒരേ അടുക്കളയിൽ/ഒരേ പാത്രത്തിൽ ഭക്ഷണം പാചകം ചെയ്തു കഴിക്കുകയും ഒന്നിച്ചു താമസിക്കുകയും ചെയ്യുന്ന പരസ്പര ബന്ധമുള്ള ആൾക്കാർ അടങ്ങുന്നതാണ് ഒരു കുടുംബം. ***അല്ലെങ്കിൽ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങൾ അടങ്ങുന്ന കുടുംബം.*** |
| xix | പുതുതായി ചേർക്കുന്നത് | **ഓക്സിലറി ഗ്രൂപ്പ്- കുടുംബശ്രീ അയൽക്കൂട്ട അംഗമല്ലാത്ത 10 മുതൽ 20 -വരെ അംഗങ്ങളുള്ള യുവതികളുടെ കൂട്ടായ്മ. അംഗത്വം സ്വീകരിക്കുന്നതിനുള്ള പ്രായപരിധി 18-മുതൽ 40 വരെ.** |
| 6 | **ഉദ്ദേശ്യ ലക്ഷ്യങ്ങൾ** | |
| 6.8. | തദ്ദേശ സ്വയംഭരണ സർക്കാർ ഏൽപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വനിതാ ക്ഷേമ പദ്ധതികളും നടപ്പാക്കി ഉപജീവന സൗകര്യം അയൽക്കൂട്ടാംഗങ്ങൾക്ക് ഉണ്ടാക്കി സാമൂഹ്യമായി ഉയർന്ന് വരുന്ന മദ്യാസക്തി, കൊള്ളപലിശ, എന്നിവക്കെതിരെ ചലനാത്മകതയുള്ള സമീപനം സ്വീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കുക. 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ വളർച്ചയ്ക്ക് വിഘാതമായി കാണുന്ന എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കി സമഗ്രമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക. | തദ്ദേശ സ്വയംഭരണ **സ്ഥാപനങ്ങൾ**ഏൽപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വനിതാ ക്ഷേമ പദ്ധതികളും നടപ്പാക്കി ഉപജീവന സൗകര്യം അയൽക്കൂട്ടാംഗങ്ങൾക്ക് ഉണ്ടാക്കി സാമൂഹ്യമായി ഉയർന്ന് വരുന്ന മദ്യാസക്തി, ***ലഹരി***, കൊള്ളപലിശ എന്നിവക്കെതിരെ ചലനാത്മകതയുള്ള സമീപനം സ്വീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കുക. 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ വളർച്ചയ്ക്ക് വിഘാതമായി കാണുന്ന എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കി സമഗ്രമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക. |

| | | |
|---|---|---|
| | | |
| 6.14 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, എച്ച്ഐവി- എയ്ഡ്സ് രോഗികൾ, വയോജനങ്ങൾ, ട്രാൻസ് ജെൻറേഴ്സ്, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, എച്ച്ഐവി- എയ്ഡ്സ് രോഗികൾ, വയോജനങ്ങൾ, ട്രാൻസ് ജെൻറേഴ്സ്, **അതിഥി തൊഴിലാളികൾ,പ്രത്യേക തൊഴിൽ ചെയ്യുന്നവർ (ശുചീകരണം, തെരുവ് കച്ചവടം, ലൈംഗിക തൊഴിലാളികൾ മുതലയാവർ)** കുട്ടികൾ, **യുവതികൾ**തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. |
| 6.16. | പുതുതായി ചേർക്കുന്നത് | **അയൽക്കൂട്ട അംഗങ്ങളിൽ, ഓക്സിലറി അംഗങ്ങളിൽ, ബാലസഭാ അംഗങ്ങളിൽ, പ്രത്യേക അയൽക്കൂട്ടാംഗങ്ങളിൽ മാനസിക ഉല്ലാസം ഉറപ്പുവരുത്തുന്നതിനും, അവരുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുമുള്ള ഇടമായി കുടുംബശ്രീ സംവിധാനത്തെ മാറ്റുക.** |
| 6.17. | പുതുതായി ചേർക്കുന്നത് | **നവകേരള സൃഷ്ടിക്ക് വൈജ്ഞാനിക സമ്പദ് ഘടന പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പ്രതലം സൃഷ്ടിക്കുക.** |

| | | |
|---|---|---|
| 7 | അംഗത്വം/അഫിലിയേഷൻ | |
| 7.1.3 | അയൽക്കൂട്ട പരിധിയിൽ വരുന്ന എല്ലാ ദരിദ്ര കുടുംബങ്ങളേയും അംഗങ്ങളാക്കണം. അയൽക്കൂട്ട പരിധിയിലോ ചുറ്റുപാടിലോ ഉള്ള എല്ലാ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടക്കം പ്രത്യേക അയൽക്കൂട്ട പ്രവേശനത്തിന് അർഹതയുള്ള എല്ലാ കുടുംബങ്ങളെയും അനുയോജ്യമായ പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ ആക്കണം.<br><br>ഏതെങ്കിലും അയൽക്കൂട്ടത്തിന് അഫിലിയേഷൻ നൽകുന്നതിൽ സിഡിഎസ് ഏതെങ്കിലും കാരണങ്ങളാൽ വിസമ്മതിച്ചാൽ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ (ഡിഎംസി) ഒരു മാസത്തിനുള്ളിൽ ആയതിൽ തീരുമാനം കൈകൊള്ളേണ്ടതാണ്. | അയൽക്കൂട്ട പരിധിയിൽ എല്ലാ കുടുംബങ്ങളേയും അംഗങ്ങളാക്കണം. ***ദരിദ്ര കുടുംബങ്ങൾ,*** **എസ്.സി/എസ്.റ്റി, തീരദേശ മേഖലയിലെ കുടുംബങ്ങൾ എന്നിവരെ** ***നിർബന്ധമായും ഉൾച്ചേർക്കണം.*** അയൽക്കൂട്ട പരിധിയിലോ ചുറ്റുപാടിലോ ഉള്ള **എല്ലാ ഭിന്നശേഷി അംഗങ്ങൾ, വയോജനങ്ങൾ, ട്രാൻസ് ജെൻഡർ** ഉൾപ്പെടെ അർഹതയുള്ള എല്ലാ കുടുംബങ്ങളെയും അനുയോജ്യമായ പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ ആക്കണം.<br><br>ഏതെങ്കിലും കാരണവശാൽ ഒരു അയൽക്കൂട്ടത്തിന് അഫിലിയേഷൻ ശിപാർശ ചെയ്യാൻ എഡിഎസ് വിസമ്മതിയ്ക്കുകയോ 7 ദിവസത്തിനുള്ളിൽ ശിപാർശ നൽകാതിരിയ്ക്കുകയോ ചെയ്താൽ ആയത് പരിശോധിച്ച് അഫിലിയേഷൻ നൽകുന്നതിൽ ഉചിതമായ തീരുമാനം സിഡിഎസ് ഭരണസമിതിക്ക് എടുക്കാവുന്നതാണ്. സി.ഡി.എസ്സിൽ ലഭിയ്ക്കുന്ന അഫിലിയേഷൻ അപേക്ഷകൾ 15 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്. ഏതെങ്കിലും അയൽക്കൂട്ടത്തിന് അഫിലിയേഷൻ നൽകുന്നതിൽ സിഡിഎസ് ഏതെങ്കിലും കാരണങ്ങളാൽ വിസമ്മതിച്ചാൽ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ (ഡിഎംസി) ഒരു മാസത്തിനുള്ളിൽ ആയതിൽ തീരുമാനം കൈകൊള്ളേണ്ടതാണ്. |

| | | |
|---|---|---|
| | | |
| 7.1.6 | പ്രത്യേക അവശത അനുഭവിക്കുന്ന വിഭാഗങ്ങളായ ബധിര-മൂകരായവർ, അന്ധർ, മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, എയഡ്സിന് ഇരയായവർ, ട്രാൻസ് ജെന്റേഴ്സ്, വയോജനങ്ങൾ തുടങ്ങിയവർക്കായി ആവശ്യമായി വരുന്നപക്ഷം ഗവണ്മെന്റ് അനുവാദത്തിനു വിധേയമായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് കുടുംബശ്രീ സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിനായി സർക്കാർ അനുമതിയോടെ കുടുംബശ്രീ മിഷൻ പ്രത്യേക ബൈലോയും രൂപീകരിക്കേണ്ടതാണ്. | പ്രത്യേക അവശത അനുഭവിക്കുന്ന വിഭാഗങ്ങളായ ബധിര-മൂകരായവർ, അന്ധർ, മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, എയ്ഡ്സിന് ഇരയായവർ, ട്രാൻസ് ജെന്റേഴ്സ്, വയോജനങ്ങൾതുടങ്ങിയവർക്കായി ആവശ്യമായി വരുന്നപക്ഷം ഗവണ്മെന്റ് അനുവാദത്തിനു വിധേയമായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് കുടുംബശ്രീ സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിനായി സർക്കാർ അനുമതിയോടെ കുടുംബശ്രീ മിഷൻ പ്രത്യേക ബൈലോയും രൂപീകരിക്കേണ്ടതാണ്.<br>**പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുമ്പോൾ പരമാവധി 40%പുരുഷന്മാരേയുംഉൾപ്പെടുത്താവുന്നതാണ്.** |
| 7.1.9. | ഒന്നോ അധിലധികമോ അയൽക്കൂട്ട അംഗങ്ങളെയോ അയൽക്കൂട്ട കുടുംബങ്ങളിലെ അംഗങ്ങളെയോ ഉൾപ്പെടുത്തി തൊഴിൽ സംരംഭത്തിനുള്ള പ്രത്യേക ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്. ഇത്തരം ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് അതത് സമയം നിലവിലുള്ള കുടുംബശ്രീ മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കു വിധേയമ | ഒന്നോ അതിലധികമോ അയൽക്കൂട്ട അംഗങ്ങളെയോ അയൽക്കൂട്ട കുടുംബങ്ങളിലെ അംഗങ്ങളെയോ, ***ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെയോ*** ഉൾപ്പെടുത്തി തൊഴിൽ സംരംഭത്തിനുള്ള പ്രത്യേക ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്. ഇത്തരം ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് അതത് സമയം നിലവിലുള്ള കുടുംബശ്രീ മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾ |

| | | |
|---|---|---|
| | ായി സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് കേന്ദ്ര-സംസ്ഥാന-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവിധ തൊഴിൽ സംരംഭ വികസന പരിപാടിയുടെ ഭാഗമായി സബ്സിഡി ആനുകൂല്യങ്ങളും മറ്റ സഹായങ്ങളും നേടാവുന്നതാണ്. ആക്ടിവിറ്റി ഗ്രൂപ്പുകളിലെ അയൽക്കൂട്ട അംഗങ്ങൾ അവരുടെ ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളും മറ്റ സാമൂഹ്യ വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കേണ്ടത് ഓരോ അംഗത്തിൻറേയും മാതൃ അയൽക്കൂട്ടങ്ങളിൽ ആയിരിക്കണം. | ക്ക വിധേയമായി സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അർ ഹതയുണ്ടായിരിക്കുന്നതാണ്. ഈ ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് കേന്ദ്ര-സംസ്ഥാന-തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവിധ തൊഴിൽ സംരംഭ വികസന പരിപാടിയുടെ ഭാഗമായി സബ്സിഡി ആനുകൂല്യങ്ങളും മറ്റ സഹായങ്ങളും നേടാവുന്നതാണ്. ആക്ടിവിറ്റി ഗ്രൂപ്പുകളിലെ**അയൽക്കൂട്ട / ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ അവരുടെ**ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളും മറ്റു സാമൂഹ്യ വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കേണ്ടത് ഓരോ അംഗത്തിൻറേയും മാതൃ അയൽക്കൂട്ടങ്ങളിൽ/**ഓക്സിലറി ഗ്രൂപ്പകളിൽ** ആയിരിക്കണം. |
| 7.2. | എഡിഎസ് അംഗത്വം | |
| 7.2.2. | ഒരു അയൽക്കൂട്ടത്തിന് ഒരു എ.ഡി.എസ്സിൽ മാത്രമേ അഫിലിയേഷൻ ഉണ്ടാകുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ ഒന്നിലധികം വാർഡിലുള്ളവർ ഒരു അയൽക്കൂട്ടത്തിൽ അംഗമാണെങ്കിൽ, അംഗസംഖ്യ കൂടുതലുള്ള ഉള്ള വാർഡിലെ എഡിഎസ്സിൽ അംഗത്വമെടുക്കേണ്ടതാണ്. മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള പ്രത്യ | ഒരു അയൽക്കൂട്ടത്തിന് ഒരു എ.ഡി.എസ്സിൽ മാത്രമേ അഫിലിയേഷൻ ഉണ്ടാകുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ ഒന്നിലധികം വാർഡിലുള്ളവർ /***ഒന്നിലധികം എഡിഎസ് പരിധിയിലുള്ളവർ***ഒരു അയൽക്കൂട്ടത്തിൽ അംഗമാണെങ്കിൽ, അംഗസംഖ്യ കൂടുതലുള്ള ഉള്ള എഡിഎസ്സിൽ അംഗത്വമെടുക്കേണ്ടതാണ്.**തുല്യ അംഗങ്ങൾ വരുന്ന പക്ഷം സമവായത്തിലൂടെ ഏത് എ** |

| | | |
|---|---|---|
| | േക അയൽക്കൂട്ടങ്ങൾ ഒന്നിലധികം വാർഡുകളുമായി ബന്ധപ്പെട്ട് ഒരേ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അവയെ ചേർത്ത് ഒരു പ്രത്യേക എ.ഡി.എസ് സിഡിഎസ്തലത്തിൽ രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം എ.ഡി.എസുകൾ രൂപീകരിക്കുന്നതിനുള്ള പ്രത്യേക ചുമതല സി.ഡി.എസ്സുകളിൽ നിക്ഷിപ്തമാണ്. ഇതിനായി അനുബന്ധം ഫോറം -3 എ.ഡി.എസ്സുകൾ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്ത് അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ക്രോഡീകരിക്കേണ്ടത് സി.ഡി.എസ്സാണ്. | **ഡിഎസ്സിൽ അഫിലിയേറ്റ് ചെയ്യണമെന്ന് തീരുമാനിക്കണം. അല്ലാത്തപക്ഷം നറുക്കെടുപ്പിലൂടെ കണ്ടെത്തണം.** ഭിന്നശേഷി മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ ഒന്നിലധികം വാർഡുകളുമായി ബന്ധപ്പെട്ട് ഒരേ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അവയെ ചേർത്ത് ഒരു പ്രത്യേക എ.ഡി.എസ് സിഡിഎസ് തലത്തിൽ രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം എ.ഡി.എസുകൾ രൂപീകരിക്കുന്നതിനുള്ള പ്രത്യേക ചുമതല സി.ഡി.എസ്സുകളിൽ നിക്ഷിപ്തമാണ്. ഇതിനായി അനുബന്ധം ഫോറം -3 എ.ഡി.എസ്സുകൾ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്ത് അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ക്രോഡീകരിക്കേണ്ടത് സി.ഡി.എസ്സാണ്.**സ്പെഷ്യൽ എഡിഎസ്സിൽ നിന്നും സിഡിഎസ്സിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന ആൾ സ്ത്രീ ആയിരിക്കണം.** |
| 10 | അംഗത്വം/അഫിലിയേഷൻ നഷ്ടപ്പെടൽ | |

| | | |
|---|---|---|
| 10.1. | അയൽക്കൂട്ടം | |
| 10.1.4. | അയൽക്കൂട്ടത്തിൽ അംഗമായ ഒരു കുടുംബം മറ്റൊരു സ്ഥലത്തേയ്ക്ക് താമസം മാറ്റുകയാണെങ്കിൽ പുതിയ താമസ സ്ഥലത്തുള്ള അയൽക്കൂട്ടത്തിലേയ്ക്ക് അംഗത്വം മാറ്റി നല്കേണ്ടതാണ്. ഇതിനാവശ്യമായ രേഖ അയൽക്കൂട്ടം സെക്രട്ടറി അംഗത്തിന് നല്കണം. ഒരു അയൽക്കൂട്ടാംഗം തന്റെ അയൽക്കൂട്ടത്തിൽ നിന്ന് വിട്ടുതൽ നേടിയോ / സ്വയംപിരിഞ്ഞോ മറ്റൊര ു അയൽക്കൂട്ടത്തിൽ അംഗത്വം തേടുന്നതായാൽ മാത്ര അയൽക്കൂട്ടത്തിൽ നിന്നും പിരിഞ്ഞപ്പോൾ നേടിയ അയൽക്കൂട്ട ബാധ്യത തീർപ്പാക്കിയ സർട്ടിഫിക്കറ്റ് ഹാജര ാക്കുന്ന മുറയ്ക്ക് മാത്രമേ അംഗത്വ നൽകേണ്ടതുള്ളൂ. | അയൽക്കൂട്ടത്തിൽ അംഗമായ ഒരു കുടുംബം മറ്റൊരു സ്ഥലത്തേയ്ക്ക് ത ാമസം മാറ്റുകയാണെങ്കിൽ പുതിയ താമസ സ്ഥലത്തുള്ള**20 അംഗത്തിൽ താഴെ അംഗമുള്ള അയൽക്കൂട്ടത്തിലേയ്ക്ക് അയൽക്കൂട്ടാംഗം ആവശ്യപ്പെടുന്ന മുറയ്ക്ക് അംഗത്വം നിർബന്ധമായും മാറ്റി നല്കേണ്ടതാണ്.** ഇതിനാവശ്യമായ രേഖ അയൽക്കൂട്ട സെക്രട്ടറി അംഗത്തിന് നല്കണം. ഒരു അയൽക്കൂട്ടാംഗം തന്റെ അയൽക്കൂട്ടത്തിൽ നിന്ന് വിടുതൽ നേടിയോ / സ്വയംപിരിഞ്ഞ ോ മറ്റൊരു അയൽക്കൂട്ടത്തിൽ അംഗത്വം തേടുന്നതായാൽ മാത്ര അയൽക്കൂട്ടത്തിൽ നിന്നും പിരിഞ്ഞപ്പോൾ നേടിയ അയൽക്കൂട്ട ബ ാധ്യത തീർപ്പാക്കിയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ അംഗത്വം നൽകേണ്ടതുള്ളൂ. |
| 10.1.6. | പിരിഞ്ഞു പോകുന്ന അംഗത്തിന് അർഹമായ സമ്പാദ്യ തുകയും ത ൊട്ടു മുൻവർഷം മാർച്ച് 31 വര െ കണക്കാക്കപ്പെട്ടിട്ടുള്ള ലാഭവിഹിതവും നൽകാനുണ്ടെങ്കിൽ ആയതും കൃത്യമായി രേഖാമൂലം നൽകി മിനിട്സ് രേഖപ്പെടുത്തി ഒപ്പിട്ട് സൂക്ഷിയ്ക്കണം. | പിരിഞ്ഞു പോകുന്ന അംഗത്തിന് അർഹമായ സമ്പാദ്യ തുകയും തൊട്ടു **മുൻസാമ്പത്തിക**വർഷം മാർച്ച് 31 വരെ കണക്കാക്കപ്പെട്ടിട്ടുള്ള ലാഭവിഹിതവും നൽകാനുണ്ടെങ്കിൽ ആയതും കൃത്യമായി രേഖാമൂലം നൽകി മിനിട്സ് രേഖപ്പെടുത്തി ഒപ്പിട്ട് സൂക്ഷിയ്ക്കണം. |

| | | |
|---|---|---|
| | | |
| 11 | ഘടന | |
| 11.2. | എ.ഡി.എസ്. | |
| 11.2.1 | ഒരു വാർഡിൽ ഒരു അയൽക്കൂട്ടം മാത്രമെ ഉള്ളുവെങ്കിലും അതു തന്നെ ഒരു എ.ഡി.എസ് ആയി പ്രവർത്തിക്കേണ്ടതാണ്. മറ്റൊരു അയൽക്കൂട്ടം രൂപീകരിക്കപ്പെട്ടുന്നതുവരെ ആദ്യ അയൽക്കൂട്ടത്തിലെ 5 (അഞ്ച്) ഭാരവാഹികൾ താൽക്കാലിക എ.ഡി.എസ് ആയി പ്രവർത്തിക്കേണ്ടതാണ്. | ഒരു വാർഡിൽ ഒരു അയൽക്കൂട്ടം മാത്രമെ ഉള്ളുവെങ്കിലും അതു തന്നെ ഒരു എ.ഡി.എസ് ആയി പ്രവർത്തിക്കേണ്ടതാണ്. മറ്റൊരു അയൽക്കൂട്ടം രൂപീകരിക്കപ്പെട്ടുന്നതുവരെ ആദ്യ അയൽക്കൂട്ടത്തിലെ 5 (അഞ്ച്) ഭാരവാഹികൾ താൽക്കാലിക എ.ഡി.എസ് ആയി പ്രവർത്തിക്കേണ്ടതാണ്.***ഒരു വാർഡിൽ 75 -ൽ അധികം അയൽക്കൂട്ടങ്ങൾ ഉണ്ടെങ്കിൽ ഭൂമിശാസ്ത്രപരമായി അടുത്ത് സ്ഥിതി ചെയ്യുന്ന അയൽക്കൂട്ടങ്ങളെ തുല്യമായി ഉൾപ്പെടുത്തി 2 എഡിഎസ് രൂപീകരിക്കേണ്ടതാണ്. ഒറ്റ സംഖ്യ വരുകയാണെങ്കിൽ ഏറ്റവും കുറവ് അയൽക്കൂട്ടാംഗങ്ങളുള്ള എ.ഡി.എസ്സിൽ പ്രസ്തുത അയൽക്കൂട്ടത്തെ ഉൾപ്പെടുത്തേണ്ടതാണ്.*** |
| 11.3.4. | സി.ഡി.എസ്. ഭരണ സമിതി:- സി.ഡി.എസ്. ഭരണ സമിതി അംഗങ്ങളുടെ എണ്ണം പ്രത്യേക എ.ഡി.എസുകൾ ഉൾപ്പെടെയുള്ള എല്ലാ എ.ഡി.എസ്സുകളുടെയും എണ്ണത്തിനു തുല്യമായിരിക്കും. എല്ലാ എ.ഡി.എസുകൾക്കും സി. | സി.ഡി.എസ്. ഭരണ സമിതി:- സി.ഡി.എസ്. ഭരണ സമിതി അംഗങ്ങളുടെ എണ്ണം പ്രത്യേക എ.ഡി.എസുകൾ ഉൾപ്പെടെയുള്ള എല്ലാ എ.ഡി.എസ്സുകളുടെയും എണ്ണത്തിനു തുല്യമായിരിക്കും. എല്ലാ എ.ഡി.എസുകൾക്കും സി.ഡി.എസ്. |

| | | |
|---|---|---|
| | ഡി.എസ്. ൽ പ്രാതിനിധ്യം ഉണ്ടായിരിക്കത്തക്ക വിധത്തിൽ പൊതുസഭയിൽ വച്ച് പ്രത്യേക എഡിഎസ്സുകൾ ഉൾപ്പെടെ അതത് എ.ഡി.എസ്. ഭരണ സമിതി അംഗങ്ങൾ പ്രത്യേക യോഗം ചേർന്ന് അവരിൽ നിന്നും ഒരു അംഗത്തെ സി.ഡി.എസ്. ഭരണസമിതിയിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടതുമാണ്. ഈ (സി.ഡി.എസ്) ഭരണ സമിതിയിൽ നിന്നും ഭരണ സമിതി അംഗങ്ങൾ തിരഞ്ഞെടുക്കുന്ന താഴെപറയുന്ന 2 (രണ്ട്) ഔദ്യോഗിക ഭാരവാഹികളും ഉണ്ടായിരിക്കുന്നതാണ്.<br><br>i. ചെയർപേഴ്സൺ<br><br>ii. വൈസ് ചെയർപേഴ്സൺ.<br><br>സിഡിഎസ് ഭരണ സമിതി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം കൂടുന്ന ആദ്യയോഗത്തിൽ വച്ചുതന്നെ സാമൂഹ്യനീതിപരമായ പ്രത്യേക എഡിഎസ്സുകളിൽ നിന്നുള്ള ഓരോ വനിതാ/ട്രാൻസ് ജെൻറർ അംഗത്തെ സിഡിഎസ് ഭരണസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യുവാൻ തീരുമാനിക്കേണ്ടതും തൊട്ടടുത്ത ഭരണസമിതി യോഗം മുതൽ അവരെയും സിഡിഎസ് ഭരണസമിതിയിലേയ്ക്ക് ക്ഷണിച്ചു പങ്കെടുപ്പിക്കേണ്ടതുമാണ്. ഇപ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് സിഡിഎസ് ഭാരവാഹി തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഒഴികെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾക്കുള്ള എല്ലാ അധികാര അവകാശങ്ങളും ഉണ്ടായിരിക്കുന്നതുമാണ്. സിഡിഎസ് ഭരണ സമിതി അംഗങ്ങളിൽ ഉൾപ്പെടുന്ന പ്രത്യേക ഭരണസമിതി അംഗങ്ങളിൽ നിന്നും ഒരാ | ൽ പ്രാതിനിധ്യം ഉണ്ടായിരിക്കത്തക്ക വിധത്തിൽ പൊതുസഭയിൽ വച്ച് പ്രത്യേക എഡിഎസ്സുകൾ ഉൾപ്പെടെ അതത് എ.ഡി.എസ്. ഭരണ സമിതി അംഗങ്ങൾ പ്രത്യേക യോഗം ചേർന്ന് അവരിൽ നിന്നും ഒരു അംഗത്തെ സി.ഡി.എസ്. ഭരണസമിതിയിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടതുമാണ്. ഈ (സി.ഡി.എസ്) ഭരണസമിതിയിൽ നിന്നും ഭരണ സമിതി അംഗങ്ങൾ തിരഞ്ഞെടുക്കുന്ന താഴെപറയുന്ന 2 (രണ്ട്) ഔദ്യോഗിക ഭാരവാഹികളും ഉണ്ടായിരിക്കുന്നതാണ്.<br><br>i. ചെയർപേഴ്സൺ.<br><br>ii. വൈസ് ചെയർപേഴ്സൺ.<br><br>സിഡിഎസ് ഭരണ സമിതി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം കൂടുന്ന ആദ്യയോഗത്തിൽ വച്ചുതന്നെ സാമൂഹ്യനീതിപരമായ പ്രത്യേക എഡിഎസ്സുകളിൽ നിന്നുള്ള ഓരോ വനിതാ/ട്രാൻസ് ജെൻറർ അംഗത്തെ സിഡിഎസ് ഭരണസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യുവാൻ തീരുമാനിക്കേണ്ടതും തൊട്ടടുത്ത ഭരണസമിതി യോഗം മുതൽക്ക് അവരെയും സിഡിഎസ് ഭരണസമിതിയിലേയ്ക്ക് ക്ഷണിച്ചു പങ്കെടുപ്പിക്കേണ്ടതുമാണ്. ഇപ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് സിഡിഎസ് ഭാരവാഹി തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഒഴികെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾക്കുള്ള എല്ലാ അധികാര അവകാശങ്ങളും ഉണ്ടായിരിക്കുന്നതുമാണ്. സിഡിഎസ് ഭരണ സമിതി അംഗങ്ങളിൽ ഉൾപ്പെടുന്ന പ്രത്യേക ഭരണസമിതി അംഗങ്ങളിൽ നിന്നും ഒരാളെ കൺവീനറായി നിയോഗിച്ച് പ്രത്യേക എഡിഎസ് ഉപസമിതിയ |

| | | |
|---|---|---|
| | ാളെ കൺവീനറായി നിയോഗിച്ച് പ്രത്യേക എഡിഎസ് ഉപസമിതിയായി പ്രവർത്തിപ്പിക്കേണ്ടതുമാണ്. സിഡിഎസ് തലത്തിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടന്ന ഒരൊറ്റ അയൽക്കൂട്ടം മാത്രമേ നിലവിലുള്ളൂ എങ്കിലും അതിൽ നിന്നുള്ള ഒരു വനിത/ട്രാൻസ് ജെൻറർ അംഗത്തെക്കൂടി മേൽപ്പറഞ്ഞ പ്രകാരം സിഡിഎസ് ഭരണസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യേണ്ടതാണ്. | ായി പ്രവർത്തിപ്പിക്കേണ്ടതുമാണ്. സിഡിഎസ് തലത്തിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടന്ന ഒരൊറ്റ അയൽക്കൂട്ടം മാത്രമേ നിലവിലുള്ളൂ എങ്കിലും അതിൽ നിന്നുള്ള ഒരു വനിത/ട്രാൻസ് ജെൻറർ അംഗത്തെക്കൂടി മേൽപ്പറഞ്ഞ പ്രകാരം സിഡിഎസ് ഭരണസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യേണ്ടതാണ്.**കൂടാതെ സിഡിഎസ് തല ഓക്സലറി കൺസോർഷ്യം ലീഡർ സിഡിഎസ് ഭരണ സമിതി എക്സ്-ഓഫിഷ്യോ അംഗമായിരിക്കും.** |
| 12 | തെരെഞ്ഞെടുപ്പ് | |
| 12.7.സി. | സി.ഡി.എസ്: ജനറൽ, എസ് | സി.ഡി.എസ്: ജനറൽ, എസ് സി |

| | | |
|---|---|---|
| | സി/എസ് ടി ഭേദമില്ലാതെ തുടർച്ചയായോ അല്ലാതെയോ പരമാവധി രണ്ടു തവണ മാത്രമേ ഒരാൾക്ക് സി ഡി എസ് ചെയർപേഴ്സൺ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടാകൂ. | /എസ് ടി ഭേദമില്ലാതെ തുടർച്ചയായോ അല്ലാതെയോ പരമാവധി രണ്ടു തവണ മാത്രമേ ഒരാൾക്ക് സി ഡി എസ് ചെയർപേഴ്സൺ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടാകൂ. **ഒരു അയൽക്കൂട്ട അംഗത്തിന് സി.ഡി.എസ് അംഗമായി തുടർച്ചയായി മൂന്നു തവണയിൽ കൂടുതൽ തെരെഞ്ഞെടുക്കപ്പെടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. കൂടാതെ സേവന സന്നദ്ധരും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കാൻ തയ്യാറായുള്ളവരും വിവിധ യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നവരും ആയിരിക്കണം കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹികൾ.** |
| 12.7.1 | അയൽക്കൂട്ട പ്രസിഡൻറ്, സെക്രട്ടറി, എ.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ,സെക്രട്ടറി, സിഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കാൻ യോഗ്യതയില്ലാത്തവർ:<br>• സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾ അംഗൻവാടികൾ എന്നിവയിലെ സ്ഥിരം ജീവനക്കാർ<br>• ആശ വർക്കർമാർ എല്ലാതലത്തിലുമുള്ള ജനപ്രതിനിധികൾ, തുടങ്ങി നിലവി | ***സിഡിഎസ്* ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സിഡിഎസ് അംഗം, എ.ഡിഎസ് ചെയർപേഴ്സൺ, എ.ഡിഎസ് വൈസ് ചെയർപേഴ്സൺ,സെക്രട്ടറി**, എന്നീ സ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കാൻ യോഗ്യതയില്ലാത്തവർ/**അംഗമായി തുടരാൻ അർഹരല്ലാത്തവർ**:<br>• സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾ അംഗൻവാടികൾ എന്നിവയിലെ സ്ഥിരം ജീവനക്കാർ<br>• ആശ വർക്കർമാർ എല്ലാതലത്തിലുമുള്ള ജനപ്രതിനിധി |

| | | |
|---|---|---|
| | ൽ ഏതെങ്കിലും ശമ്പളമ ോ ഹോണറേറിയമോ ക ൈപ്പറ്റുന്നവർ<br>• ജനപ്രതിനിധികളായി തെ രഞ്ഞെടുക്കപ്പെട്ടോ അല്ലാ തയോ സർക്കാരിനാൽ നിയോഗിതരായവർ | കൾ, തുടങ്ങി നിലവിൽ ഏ തെങ്കിലും ശമ്പളമോ ഹോ ണറേറിയമോ കൈപ്പറ്റുന്ന വർ<br>• ജനപ്രതിനിധികളായി തെര ഞ്ഞെടുക്കപ്പെട്ടോ അല്ലാത െയോ സർക്കാരിനാൽ നി യോഗിതരായവർ.<br>• **കുടുംബശ്രീ സംവിധാനത്തി ൽ നിന്നും പ്രതിമാസ ഹോ ണറേറിയം/ശമ്പളം കൈപ്പ റ്റുന്നവർ.**<br>• **കുടുംബശ്രീ സംഘടനാസം വിധാനത്തിൽ നിന്നുള്ള ലി ങ്കേജ് വായ്പ, ബൾക്ക് വായ്പ, സി.ഇ.എഫ് പോലെ സി. ഡി.എസിൽ നിന്നും നൽകു ന്ന വായ്പകളിൻമേൽ വ്യക്ത ിഗത വായ്പാ കുടിശ്ശിക ഉ ള്ളവർ.** |
| 14.2. | ബി) അയൽക്കൂട്ട ഓഡിറ്റിംഗിൽ കണ്ടെത്തിയ പരാമർശം/ ക്രമക്ക േടിന്മേൽ ഓ ഡിറ്റ് ടീം ബന്ധപ്പ െട്ട സിഡിഎസ് കമ്മിറ്റിക്ക് റിപ്പ േോർട്ട് ചെയ്യേണ്ടതും കണ്ടെത് തിയ പോരായ്മകൾ / ക്രമക്കേടുക ൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ സിഡിഎസ്സിന് ച്ച മതലയുണ്ടായിരിക്കുന്നതുമാണ്. എഡിഎസ് ഓാഡിറ്റിംഗിലും ഇത േ നടപടി സ്വീകരിക്കേണ്ടതാണ്. സിഡിഎസ് ഓാഡിറ്റിംഗിൽ ക ണ്ടെത്തിയ പരാമർശങ്ങൾ / ക്ര മക്കേടിന്മേൽ ജില്ലാ മിഷൻ കോ- | ബി 1 )**സി.ഡി.എസ്. ഓഡിറ്റ് സമ ിതി :**<br>**ഓഡിറ്റിനു ശേഷം ഓരോ എ ഡി എസ്സിന്റെയും അയൽക്കൂട്ടത്തിന്റെ യും വാർഷിക ഓഡിറ്റ് റിപ്പോർട്ട് പ രിശോധിച്ച് ഓഡിറ്റ് പരാമർശപ്രക ാരമുള്ള** പോരായ്മകൾ / ക്രമക്കേ ടുകൾ**പരിഹരിക്കുന്നതിനും തുടർ ന ടപടികൾക്ക് ശുപാർശ ചെയ്യുന്നതി നും അധികാരമുള്ള സി ഡി എസ് ഓഡിറ്റ് സമിതി ഓരോ സി ഡി എസ്സിലും ഉണ്ടായിരിക്കുന്നതാണ്.** |

| | | | |
|---|---|---|---|
| | | ഓർഡിനേറ്റർമാർ വിശദീകരണം തേടേണ്ടതും ആയവ അതേ സാമ്പത്തിക വർഷംതന്നെ തീർപ്പാക്കേണ്ടതുമാണ്. | ഘടന :<br><br>**ചെയർ മാൻ :സി ഡി എസ് ചെയർ ചെയർപേഴ്സൺ**<br><br>**കൺവീനർ : മെമ്പർ സെക്രട്ടറി**<br><br>**അംഗങ്ങൾ: സി ഡി എസ് അക്കൗണ്ടൻ്റ്, ജില്ലാമി ഷൻ കോർഡിനേറ്റർ നാമനിർദേശം ചെയ്യുന്ന മിഷൻ സ്റ്റാഫ്, ജില്ലാമിഷൻ കോർഡിനേറ്റർ നാമനിർദേശം ചെയ്യുന്ന രണ്ട് കുടുംബശ്രീ അക്കൗണ്ട്സ് & ഓഡിറ്റ് സർവ്വീസ് സൊസൈറ്റി അംഗങ്ങൾ.**<br><br>**ചുമതലകൾ :**<br><br>**ഓഡിറ്റ് പരാമർശത്തിൻമേൽ അയൽക്കൂട്ടം, എ.ഡി.എസ് എന്നിവരിൽ നിന്നും വിശദീകരണം തേടേണ്ടതും മറുപടിയിൻമേൽ രേഖകൾ പരിശോധിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.**<br><br>**സി.ഡി.എസ് ഓഡിറ്റ് സമിതിയുടെ തീരുമാനം സമിതി കൺവീനറുടെ**<br><br>**നടപടിക്രമമായി പുറപ്പെടുവിക്കേണ്ടതാണ്. തുടർനടപടി ശുപാർശ ജില്ലാമിഷൻ കോർഡിനേറ്റർക്ക് നൽകേണ്ടതാണ്.**<br><br>**സി.ഡി.എസ് ഓഡിറ്റ് സമിതി മൂന്നു മാസത്തിലൊരിക്കൽ ചേരേണ്ടതാണ്.**<br><br>**ബി 2) ജില്ലാ ഓഡിറ്റ് സമിതി :** |

| | | |
|---|---|---|
| | | ജില്ലയിലെ സി.ഡി എസ്സുകളുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ച് ഓഡിറ്റ് പരാമർശപ്രകാരമുള്ള പോരായ്മകൾ/ക്രമക്കേടുകൾ പരിഹരിക്കുന്നതിനും തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നതിനും അധികാരമുള്ള ഒരു ഓഡിറ്റ് സമിതി ജില്ലാതലത്തിൽ രൂപീകരിക്കേണ്ടതാണ്.<br><br>ഘടന :<br><br>ചെയർമാൻ: ജില്ലാമിഷൻ കോർഡിനേറ്റർ<br><br>കൺവീനർ: സംഘടനാ ചുമതലയുള്ള അസിസ്റ്റൻ്റ് ജില്ലാമിഷൻ കോർഡിനേറ്റർ<br><br>അംഗങ്ങൾ:<br><br>സംഘടനാ ചുമതലയുള്ള ജില്ലാ പ്രോഗ്രാം മാനേജർ<br><br>ഫിനാൻഷ്യൽ ഇൻക്ലൂഷൻ ചുമതലയുള്ള ജില്ലാ പ്രോഗ്രാം മാനേജർ<br><br>ജില്ലാമിഷൻ കോർഡിനേറ്റർ നിർദേശിക്കുന്ന രണ്ട് കുടുംബശ്രീ അക്കൗണ്ട്സ്&ഓഡിറ്റ് സർവ്വീസ് സൊസൈറ്റി അംഗങ്ങൾ.<br><br>ചുമതലകൾ :<br><br>സി.ഡി.എസ്സുകളുടെ ഓഡിറ്റ് പരാമർശത്തിൻമേൽ സി.ഡി.എസ്സിൽ നിന്നും വിശദീകരണം തേടേണ്ടതും മറുപടിയിൻമേൽ രേഖകൾ പരിശോധിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്. |

| | | |
|---|---|---|
| | | **ജില്ലാഓഡിറ്റ് സമിതിയുടെ തീരുമാനം ജില്ലാമിഷൻ കോർഡിനേറ്ററുടെ നടപടിക്രമമായി പുറപ്പെടുവിക്കേണ്ടതാണ്.**<br><br>**ഓഡിറ്റ് സമിതി മൂന്നു മാസത്തിലൊരിക്കൽ ചേരേണ്ടതാണ്.** |
| 14.8.ബി) | ഓഡിറ്റുകളിൽ വളരെ പ്രധാന്യമേറിയ ഗുണഭോക്തൃ ഓഡിറ്റാണ് ഇന്റേണൽ ഓഡിറ്റ്. പൊതുധാര തെരഞ്ഞെടുപ്പിനോടൊപ്പം തന്നെ എഡിഎസ്സുകളും സിഡിഎസ്സുകളും രണ്ടു വീതം ഇന്റേണൽ | **ഇന്റേണൽ ഓഡിറ്റ്**<br><br>**ഓഡിറ്റുകളിൽ വളരെ പ്രാധാന്യമേറിയ ഗുണഭോക്തൃ ഓഡിറ്റായ ഇന്റേണൽ ഓഡിറ്റ് കാര്യക്ഷമമാ** |

| | | |
|---|---|---|
| | ഓഡിറ്റർമാരേയും തെരഞ്ഞെടുക്കേണ്ടതാണ്. ഇന്റേണൽ ഓഡിറ്റർമാരായി അയൽക്കൂട്ടങ്ങളിലെ അഭ്യസ്തവിദ്യരായ ആളുകളെയാണ് തെരഞ്ഞെടുക്കേണ്ടത്. | **യി നടപ്പാക്കുന്നതിനായി സി.ഡി.എസ്സിൻ്റെ പൊതു സഭയിൽ നിന്ന് നിശ്ചിത യോഗ്യതയുള്ള ആളുകളെ കണ്ടെത്തി ഒരു ഇന്റേണൽ ഓഡിറ്റ് വിംഗ് സി ഡി എസ് തലത്തിൽ രൂപീകരിക്കേണ്ടതാണ്. അഞ്ചു എ.ഡി.എസ്സുകൾക്ക് ഒരാൾ എന്ന രീതിയിൽ ആയിരിക്കണം ആളുകളെ കണ്ടെത്തേണ്ടത്.**<br><br>**ഇന്റേണൽ ഓഡിറ്റർമാരുടെ യോഗ്യത, തെരെഞ്ഞെടുപ്പ് മാനദണ്ഡം, ചുമതല, പ്രവർത്തനം,ഹോണറേറിയം, യാത്ര ബത്ത എന്നിവ സംബന്ധിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മാർഗ്ഗനിർദേശം പുറപ്പെടുവിക്കേണ്ടതാണ്.** |
| 15 | പൊതുയോഗം | |
| 15.1. | അയൽക്കൂട്ടം | |
| 15.1.1 | അയൽക്കൂട്ടത്തിൽ അംഗത്വമുള്ള എല്ലാ അംഗങ്ങളും അടങ്ങുന്നതാണ് അയൽക്കൂട്ട പൊതുയോഗം. പ്രതിവാര അയൽക്കൂട്ടയോഗങ്ങൾ പൊതുയോഗങ്ങളാണ്. | അയൽക്കൂട്ടത്തിൽ അംഗത്വമുള്ള എല്ലാ അംഗങ്ങളും അടങ്ങുന്നതാണ് അയൽക്കൂട്ട പൊതുയോഗം. പ്രതിവാര അയൽക്കൂട്ടയോഗങ്ങൾ പൊതുയോഗങ്ങളാണ്.***പ്രസ്തുത യോഗങ്ങളിൽ അയൽക്കൂട്ട പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കേണ്ടതും, അവരുടെ അഭാവത്തിൽ ഏറ്റവും പ്രായംകൂടിയ അംഗം അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്. അയൽക്കൂട്ട സെക്രട്ടറി മൈക്രോ ഫിനാൻസ്*** |

| | | |
|---|---|---|
| | | ***ഉൾപ്പെടെയുള്ള പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കേണ്ടതുമാണ്.*** |
| 15.2 | എഡിഎസ് പൊതുയോഗം | |
| 15.2.1. | എ.ഡി.എസ്. പൊതുസഭ (പൊതുയോഗം) മൂന്ന് മാസത്തിലൊരിക്കലെങ്കിലും എ.ഡി.എസ്. കമ്മിറ്റി പ്രതിമാസവും ചേരേണ്ടതാണ്. | എ.ഡി.എസ്. പൊതുസഭ (പൊതുയോഗം) മൂന്ന് മാസത്തിലൊരിക്കലും, എ.ഡി.എസ്. ഭരണസമിതി യോഗം പ്രതിമാസവും**നിർബന്ധമായും ചേരേണ്ടതാണ്.** ***പ്രസ്തുത യോഗങ്ങളിൽ എഡിഎസ് ചെയർപേഴ്സൺ അദ്ധ്യക്ഷത വഹിക്കേണ്ടതും, അവരുടെ അഭാവത്തിൽ വൈസ് ചെയർപേഴ്സൺ അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്.*** |
| 15.2.6. | പുതുതായി ചേർക്കുന്നത് | ***എഡിഎസ് ഭരണസമിതിയിൽ എഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ തുടർച്ചയായി മൂന്നു മാസം എഡിഎസ് ഭരണ സമിതിയുടെ അനുമതി ഇല്ലാതെ മീറ്റിംഗിൽ പങ്കെടുത്തില്ലായെങ്കിൽ പ്രസ്തുത അംഗത്തിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും, വിശദീകരണം എഡിഎസ് ഭരണസമിതിക്ക് തൃപ്തികരമല്ലായെങ്കിൽ താഴെപറയുന്ന നടപടിക്രമം പാലിച്ച് എഡിഎസ് ഭാരവാഹിത്വം റദ്ദാക്കേണ്ടതുമാണ്.***<br><br>1. ***തുടർച്ചയായി മൂന്നു മാസം യോഗത്തിൽ പങ്കെടുത്തില്ല*** |

| | | | |
|---|---|---|---|
| | | | ായെങ്കിൽ ടി ഭാരവാഹിയോട് വിശദീകരണം തേടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ലായെങ്കിൽ, എഡിഎസ് ഭരണസമിതി കൂടി ഭാരവാഹിത്വം റദ്ദാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളേണ്ടതാണ് . പ്രസ്തുത തീരുമാനം 15 ദിവസത്തിനുള്ളിൽ സിഡിഎസ് ഭരണ സമിതിയെയും ടി ഭാരവാഹിയെയും അറിയിക്കേണ്ടതാണ്.<br>2. പ്രസ്തുത തീരുമാനത്തിന്റെ അറിയിപ്പ് അയോഗ്യതയായ വ്യക്തിക്ക് ലഭിച്ച് കഴിഞ്ഞാൽ, 7 ദിവസത്തിനകം എഡിഎസ് വസ്തുതാന്വേഷണ സമിതിക്ക് അപ്പീൽ നൽകാവുന്നതാണ്.<br>3. പ്രസ്തുത അപ്പീൽ വസ്തുതാന്വേഷണ സമിതി പരിശോധിച്ച് ഉചിതമായ നടപടി കൈകൊള്ളേണ്ടതാണ്.<br>4. പ്രസ്തുത കമ്മിറ്റി തീരുമാനം എഡിഎസ് ഭരണ സമിതി നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.<br>5. എഡിഎസ് ഭരണസമിതി തീരുമാനം എഡിഎസ് പൊതുസഭയിൽ അവതരിപ്പിക്കണം.<br>6. റദ്ദായ ഭാരവാഹിത്വത്തിന് പകരം 11 അംഗ കമ്മിറ്റിയിൽ നിന്നും പുതിയ ഭാരവാഹിയെ തെരെഞ്ഞെടുക്കേണ്ടതാണ്. |

| | | |
|---|---|---|
| | | |
| 15.3. | സിഡിഎസ് പൊതുയോഗം | |
| 15.3.1. | സി.ഡി.എസ് പൊതുസഭ (പൊതുയോഗം) മൂന്ന് മാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്. | സി.ഡി.എസ് പൊതുസഭ (പൊതുയോഗം) മൂന്ന് മാസത്തിലൊരിക്കലും, ***സിഡിഎസ് ഭരണസമിതി കുറഞ്ഞത് മാസത്തിലൊരിക്കലുംനിർബന്ധമായും ചേരേണ്ടതാണ്. ഇ പ്രകാരം മാസയോഗം തമ്മിലുള്ള കാലയളവ് 30 ദിവസത്തിലധികം അധികരിക്കാൻ പാടില്ല. പ്രസ്തുത യോഗങ്ങളിൽ സിഡിഎസ് ചെയർപേഴ്സൺ അദ്ധ്യക്ഷത വഹിക്കേണ്ടതും, അവരുടെ അഭാവത്തിൽ വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽസി.ഡി.എസ് യോഗം നിശ്ചയിക്കുന്ന ഉപസമിതി കൺവീനർ അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്.*** |
| 15.3.7. | പുതുതായി ചേർക്കുന്നത് | ***സിഡിഎസ് എക്സിക്യൂട്ടീവ് ഭരണസമിതിയിൽ തുടർച്ചയായി മൂന്നു മാസം സിഡിഎസിൻ്റെ അനുമതി*** |

| | | |
|---|---|---|
| | | ഇല്ലാതെ സിഡിഎസ് അംഗം പങ്കെടുത്തില്ലായെങ്കിൽ പ്രസ്തുത അംഗത്തിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും, വിശദീകരണം സിഡിഎസ് ഭരണസമിതിക്ക് തൃപ്തികരമല്ലായെങ്കിൽ താഴെപറയുന്ന നടപടിക്രമം പാലിച്ച് സിഡിഎസ് അംഗത്വം റദ്ദാക്കേണ്ടതാണ്.<br><br>1. സിഡിഎസ് എക്സിക്യൂട്ടീവ് ഭരണസമിതി കൂടി അംഗത്വം റദ്ദാക്കുന്നതിനുള്ള തീരുമാനം കൈകൊണ്ട് ശുപാർശ 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട എ. ഡി.എസിനെ അറിയിക്കേണ്ടതാണ് .<br><br>2. മേൽ വിഷയം പരിഗണിക്കാൻ പ്രത്യേക എ.ഡി.എസ് ഭരണസമിതി യോഗം 30 ദിവസത്തിനുള്ളിൽ ചേരേണ്ടതാണ്. പ്രസ്തുത എഡിഎസ് ഭരണസമിതി യോഗത്തിൽ സിഡിഎസ് ചെയർപേഴ്സൺ/ചെയർപേഴ്സൺ നിയോഗിക്കുന്ന സിഡിഎസ് അംഗം പ്രസ്തുത ശുപാർശ അവതരിപ്പിക്കണം. എ.ഡി.എസ് ഭരണസമിതി യോഗത്തിന് ഭൂരിപക്ഷതീരുമാനപ്രകാരം സിഡിഎസിൻ്റെ ശുപാർശ അംഗീകരിക്കുകയോ വ്യക്തമായ കാരണം രേഖപ്പെടുത്തി നിരാകരിക്കുകയോ ചെയ്യാവുന്നതാണ്. തീരുമാനം കൈകൊള്ളുന്നതിനു മുൻപായി എ.ഡി.എസ് പ്രസ്തുത അംഗത്തിന് തൻ്റെ ഭാഗം വിശദീകരിക്കുന്നതിന് അവസരം നൽകേണ്ടതാണ്.<br><br>3. അംഗത്വം റദ്ദാക്കുന്നപക്ഷം |

| | | | |
|---|---|---|---|
| | | | എഡിഎസ് തീരുമാനം പ്രസ്തുത വ്യക്തിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.<br><br>4. എഡിഎസ് ഭരണസമിതി തീരുമാനം സിഡിഎസ് പൊതുസഭയിൽ അവതരിപ്പിക്കണം.<br><br>5. അംഗത്വം റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പ്രസ്തുത അംഗത്തിന് ആക്ഷേപമുള്ളപക്ഷം, എഡിഎസ് ഭരണസമിതി തീരുമാനം ലഭിച്ച് 7 ദിവസത്തിനുള്ളിൽ സി.ഡി.എസ് വസ്തുതാ അന്വേഷണ സമിതിക്ക് അപ്പീൽ നൽകാവുന്നതാണ്.<br><br>6. സി.ഡി.എസ് വസ്തുതാന്വേഷണ സമിതിയുടെ പരിശോധനയിൽ അംഗത്വം റദ്ദ ചെയ്ത് തീരുമാനം കൈകൊണ്ട നടപടിക്രമത്തിൽ അപാകതയുള്ളതായി കണ്ടെത്തുന്നപക്ഷം തീരുമാനം പുനഃപരിശോധിക്കുന്നതിന് എ.ഡി.എസിനു നിർദേശം നൽകാവുന്നതാണ്<br><br>7. സി.ഡി.എസ് വസ്തുതാന്വേഷണ സമിതിയുടെ നിർദ്ദേശത്തിൻമേൽ എ.ഡി.എസ് കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.<br><br>8. റദ്ദായ അംഗത്തിന് പകരം തെരെഞ്ഞെടുപ്പ് നടപടിക്രമം പാലിച്ച് പുതിയ അംഗത്തെ തെരെഞ്ഞെടുക്കേണ്ടതാണ്. |

| | | |
|---|---|---|
| | | |
| 15.4.5 | എ.ഡി.എസ്സി.ഡി.എസ് എന്നിവയുടെ പൊതുയോഗങ്ങളിൽ നാലിൽ മൂന്നു ഭൂരിപക്ഷം അംഗങ്ങൾ തീരുമാനിക്കുകയാണെങ്കിൽ പ്രസ്തുത ഭരണസമിതികളെ പിരിച്ചുവിടാവുന്നതാണ്. ഇപ്രകാരം അവിശ്വാസം രേഖപ്പെടുത്തി സമിതിയെ പിരിച്ചു വിടുന്നതിനുള്ള നടപടിക്രമം സർക്കാർ അനുവാദത്തോടെ കുടുംബശ്രീ സംസ്ഥാനമിഷൻ നിശ്ചയിക്കുന്നതാണ്. | എ.ഡി.എസ്സി.ഡി.എസ് എന്നിവയുടെ പൊതുയോഗങ്ങളിൽ**ആകെ അംഗങ്ങളുടെ**നാലിൽ മൂന്നു ഭൂരിപക്ഷം അംഗങ്ങൾ തീരുമാനിക്കുകയാണെങ്കിൽ പ്രസ്തുത ഭരണസമിതികളെ പിരിച്ചു വിടാവുന്നതാണ്. ഭരണസമിതികളെ കൂടാതെ***സി.ഡി.എസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ഉപസമിതി കൺവീനർമാർ എന്നിവരെയും തൽസ്ഥാനത്ത് നിന്ന് മാറ്റാൻ അതാത് പൊതുസഭകളുടെ ആകെ അംഗങ്ങളുടെ ¾ ഭൂരിപക്ഷ തീരുമാനപ്രകാരം സാധിക്കുന്നതാണ്.***<br><br>***ഇതിനായി പൊതുസഭ വിളിച്ചു ചേർക്കാൻ വ്യക്തമായ കാരണം രേഖപ്പെടുത്തി ആകെപൊതുസഭാംഗങ്ങളുടെ½ പേർ ഒപ്പിട്ട പ്രമേയം സി.ഡി.എസ് മെമ്പ ർ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.***<br><br>***മെമ്പർ സെക്രട്ടറി പൊതുസഭ വിളിച്ചുചേർ ത്ത് ആകെപൊതുസഭാംഗങ്ങളുടെ ¾ ഭൂരിപക്ഷത്തിൽ നീക്കം ചെയ്യുന്നതിനുള്ള തീരുമാനം കൈകൊള്ളുന്ന പക്ഷം പ്രസ്തുത ഭാരവാഹി/കൾ തൽസ്ഥാനത്ത്*** |

| | | |
|---|---|---|
| | | ***നിന്ന് നീക്കം ചെയ്യപ്പെടുന്നതാണ് / ഭരണസമിതി പിരിച്ച് വിടപ്പെടുന്നതാണ്. പൊതുസഭാ നടപടി വിവരം മെമ്പർ സെക്രട്ടറി രേഖാമൂലം ജില്ലാമിഷനെ അറിയിക്കേണ്ടതാണ്.*** |
| 16 | ഭരണം | |
| 16.1.6. | യോഗങ്ങൾ | |
| 16.1.6.8 | പുതുതായി ചേർക്കുന്നത് | ***അയൽക്കൂട്ടാംഗങ്ങൾ അയൽക്കൂട്ടങ്ങളിൽ നിന്നും ത്രിഫ്റ്റ് പിൻവലിക്കാൻ പാടുള്ളതല്ല.*** |
| 16.2. | കുടുംബശ്രീ ഏര്യ ഡവലപ്മെന്റ് സൊസൈറ്റി | |
| 16.2.5. | അതാത് വാർഡിലെ അംഗൻവാടി/ഐ.സി.ഡി.എസ്. പ്രവർത്തക, സാക്ഷരതാപ്രേരക്, അനുഭവ സമ്പന്നരായ രണ്ട് മുൻ എ. | *അതാത് വാർഡിലെ അംഗൻവാടി /ഐ.സി.ഡി.എസ്. പ്രവർത്തക,* ***ഓക്സിലറി എഡിഎസ് തല കൺസോർഷ്യം ലീഡർ,*** *സാക്ഷരതാപ്ര* |

| | | |
|---|---|---|
| | ഡി.എസ്. പ്രവർത്തകമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ സമിതിയിലെ എക്സ് ഒഫീഷ്യോ മെമ്പർമാരായിരി ക്കും. | *േരക്, അനുഭവ സമ്പന്നരായ രണ്ട് മുൻ എ.ഡി.എസ്. പ്രവർത്തകമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ സമിതിയിലെ എക്സ് ഒഫീഷ്യോ മെമ്പർമാരായിരിക്കും.* |
| 16.3 | സിഡിഎസ് | |
| 16.3.10(എ) | പുതുതായി ചേർക്കുന്നത് | ***സിഡിഎസ് ചെയർപേഴ്സൺ ഉൾപ്പെടെയുള്ള ഭരണ സമിതി അംഗങ്ങൾ അവധിയിൽ പ്രവേശിക്കുകയാണെങ്കിൽ സിഡിഎസ് ഭരണ സമിതിയ്ക്ക് രേഖാമൂലം കത്ത് നൽകുകയും ഭരണ സമിതി പരിശോധിച്ച് അവധി അനുവദിക്കാവുന്നതാണ്. ഒരംഗത്തിന് 3 മാസത്തിലധികം അവധി അനുവദിക്കാൻ പാടുള്ളതല്ല. പ്രസവാവധി അനുവദിക്കാൻ ഈ നിബന്ധന ബാധകമായിരിക്കുന്നതല്ല.***<br><br>***സിഡിഎസ് ചെയർപേഴ്സൺ അവധിയിലായിരിക്കുന്ന സമയത്ത് ചുമതല വഹിക്കുന്ന അംഗത്തിന് ആയിരിക്കണം മേൽ കാലാവധിയിലെ ഹോണറേറിയം അനുവദിക്കേണ്ടത്. എന്നാൽ സിഡിഎസ് ചെയർപേഴ്സൺ പ്രസവാവധിയിലാണെങ്കിൽ 6 മാസം ടിയാൾക്ക് ഹോണറേറിയം അനുവദിക്കേണ്ടതും പകരം ചുമതലപ്പെടുന്ന വ്യക്തിയ്ക്ക് സിഡിഎസ് തനതു ഫണ്ടിൽ നിന്നും ഹോണറേറിയം അനുവദിക്കേണ്ടതുമാണ്.*** |

| | | |
|---|---|---|
| | | |
| 16.4 | കുടുംബശ്രീ വിലയിരുത്തൽ സമിതി | ***കുടുംബശ്രീ സി.ഡി.എസ് സംയോജന- വികസന സമിതി (കൺവെർജൻസ്&ഡവലപ്മെന്റ് കമ്മിറ്റി- CDC)*** |
| 16.4.2.1 | വിലയിരുത്തൽ സമിതിയുടെ ആകെ അംഗസംഖ്യ 35-ൽ (കോർപ്പറേഷനിൽ-50) കവിയാത്ത വിധം താഴെപറയുന്നവർകൂടി അംഗങ്ങളായിരിക്കും.<br><br>(1) തദ്ദേശഭരണ സ്ഥാപനത്തിൻറെ സെക്രട്ടറി<br><br>(2) സി.ഡി.എസ്. വൈസ് ചെയർപേഴ്സൺ(സ്)<br><br>(3) തദ്ദേശ സ്വയംഭരണ സമിതി, സി.ഡി.എസി. ലേയ്ക്ക് നിയോഗിച്ചിട്ടുള്ള വനിതാ ജനപ്രതിനിധികൾ<br><br>(4) തദ്ദേശ സ്വയംഭരണ നിയന്ത്രണത്തിലുള്ള എല്ലാ വകുപ്പ്/ ഘടക സ്ഥാപന മേധാവികളും<br><br>(5) സി.ഡി.എസ്. എക്സ്-ഓഫിഷ്യോ അംഗങ്ങളായ രണ്ട് മുൻ സി.ഡി.എസ്.ഔദ്യോഗിക ഭാരവാഹികൾ.<br><br>(6) സി.ഡി.എസ്സിലെ ഉപ സമിതി കൺവീനർമാർ. | **കുടുംബശ്രീ സിഡിഎസ് സംയോജന- വികസന സമിതി*(കൺവെർജൻസ്&ഡെവലപ്മെന്റ് കമ്മിറ്റി- CDC)*** <br><br>ആകെ അംഗസംഖ്യ 35-ൽ (കോർപ്പറേഷനിൽ-50) കവിയാത്ത വിധം താഴെപറയുന്നവർകൂടി അംഗങ്ങളായിരിക്കും.<br><br>(1) തദ്ദേശഭരണ സ്ഥാപനത്തിൻറെ സെക്രട്ടറി<br><br>(2) സി.ഡി.എസ്. വൈസ് ചെയർപേഴ്സൺ(സ്)<br><br>(3) തദ്ദേശ സ്വയംഭരണ സമിതി, സി.ഡി.എസി.ലേയ്ക്ക് നിയോഗിച്ചിട്ടുള്ള 5 വനിതാ ജനപ്രതിനിധികൾ<br><br>(4) തദ്ദേശ സ്വയംഭരണ നിയന്ത്രണത്തിലുള്ള എല്ലാ വകുപ്പ്/ ഘടകസ്ഥാപന മേധാവികളും<br><br>(5) സി.ഡി.എസ്. എക്സ്-ഓഫിഷ്യോ അംഗങ്ങളായ രണ്ട് മുൻ സി.ഡി.എസ്.ഔദ്യോഗിക ഭാരവാഹികൾ. |

| | | |
|---|---|---|
| | (7) ധനകാര്യ സ്ഥാപനങ്ങളുടെ രണ്ട് (2) പ്രതിനിധികൾ.<br><br>(8) ക്ഷേമകാര്യ-വികസനകാര്യ സ്റ്റാൻറിങ് ഭരണസമിതി ചെയർമാൻമാർ/ ചെയർപേഴ്സൺസ്.<br><br>(9) തദ്ദേശ ഭരണ സമിതിയിലെ മുഴുവൻ സ്റ്റിയറിഗ് കമ്മിറ്റി അംഗങ്ങളും,<br><br>(10) കുടുംബശ്രീ ജില്ലാ മിഷൻ കോർഡിൻറ്റർ ശുപാർശ ചെയ്യുന്ന ഒരു ബ്ലോക്ക് കോർഡിനേറ്റർ അംഗമായിരിക്കും.<br><br>(11) സി.ഡി.എസ് അക്കൗണ്ടൻറ് | (6) സി.ഡി.എസ്സിലെ ഉപസമിതി കൺവീനർമാർ.<br><br>(7) **തദ്ദേശഭരണ സ്ഥാപനത്തിലെ** ധനകാര്യ സ്ഥാപനങ്ങളുടെ രണ്ട് (2) പ്രതിനിധികൾ.<br><br>(8) ക്ഷേമകാര്യ-വികസനകാര്യ സ്റ്റാൻറിങ് ഭരണസമിതി ചെയർമാൻമാർ/ചെയർപേഴ്സൺമാർ.<br><br>(9) തദ്ദേശ ഭരണ സമിതിയിലെ മുഴുവൻ സ്റ്റിയറിഗ് കമ്മിറ്റി അംഗങ്ങളും,<br><br>(10) **കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ശുപാർശ ചെയ്യുന്ന ഒരു മിഷൻ ഉദ്യോഗസ്ഥ/ൻ അംഗമായിരിക്കും.**<br><br>(11) സി.ഡി.എസ് അക്കൗണ്ടന്റ്<br><br>(12) **ഓക്സിലറി ഗ്രൂപ്പിൽ നിന്നും** ***സിഡിഎസ് തല കൺസോർഷ്യം ലീഡർ, സിഡിഎസ് നിശ്ചയിക്കുന്ന മറ്റൊരംഗം.*** |
| 16.4.(എ) | പുതുതായി ചേർക്കുന്നത് | **എഡിഎസ് സംയോജന വികസന സമിതി-** |

| | | |
|---|---|---|
| | | 3 മാസത്തിലൊരിക്കൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധിയുടെ അദ്ധ്യക്ഷതയിൽ എ.ഡി.എസ്സംയോജനവികസന സമിതി ചേരേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് അംഗം /മുൻസിപ്പൽ കൌൺസിലർ ആയിരിക്കും എഡിഎസ് സംയോജന വികസന സമിതിയുടെ ചെയർമാൻ. എഡിഎസ് ചെയർപേഴ്സൺ കൺവീനറും, താഴെപറയുന്ന ആളുകൾ അംഗങ്ങളും ആയിരിക്കും .<br><br>1. സിഡിഎസ് മെമ്പർ ഉൾപ്പെടെയുള്ള മുഴുവൻ എഡിഎസ് ഭാരവാഹികളും<br>2. എഡിഎസ് എക്സ് ഓഫീഷ്യോ അംഗങ്ങൾ<br>3. എഡിഎസ് എക്സിക്യൂട്ടീവ് സമിതി നിശ്ചയിക്കുന്ന സാമൂഹിക-സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് പേർ.<br>4. എഡിഎസ് എക്സിക്യൂട്ടീവ് സമിതി നിശ്ചയിക്കുന്ന ക്ലബ്ബ് പ്രതിനിധി വായനശാല/ഗ്രന്ഥശാല പ്രതിനിധി.<br>5. ഓക്സിലറി*എഡിഎസ് തല കൺസോർഷ്യം ലീഡർ,* ഓക്സിലറി ഗ്രൂപ്പിൽ നിന്നുംഎ*ഡിഎസ് നിശ്ചയിക്കുന്ന മറ്റൊരംഗം.* |

| | | |
|---|---|---|
| | | |
| 16.4ബി) | പുതുതായി ചേർക്കുന്നത് | **എഡിഎസ് സംയോജന വികസന സമിതിയുടെ ചുമതലകൾ-**<br><br>1. **അയൽക്കൂട്ട തലത്തിലും എഡിഎസ് തലത്തിലും VPRP /UPRP തയ്യാറാക്കുന്നതിനും തയ്യാറാക്കിയ പ്ലാൻ ഗ്രാമസഭയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള പിന്തുണ നൽകൽ.**<br><br>2. **കലാസാംസ്കാരികപ്രവർത്തനങ്ങൾക്ക് എഡിഎസ്സുകൾക്ക് പിന്തുണ നൽകൽ**<br><br>3. **എഡിഎസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ ആവശ്യമായ അടിസ്ഥാന സൌകര്യവും മറ്റും ഉറപ്പുവരുത്തുക.**<br><br>4. **തൊഴിലുറപ്പ് പദ്ധതി, മറ്റു വകുപ്പുകൾ മുഖേനയുള്ള സഹായത്തോടെ എഡിഎസ്സിന്റെ നേതൃത്വത്തിൽ വിവിധ ഉപജീവന പദ്ധതികൾക്ക് ആവശ്യമായ പിന്തുണ നൽകൽ.**<br><br>5. **പ്രാദേശിക-സാമ്പത്തിക വികസന പ്രക്രിയയിൽ അയൽക്കൂട്ട-എഡിഎസ് സംവിധാനത്തെ പങ്കാളികളാക്കൽ.**<br><br>6. **ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ** |

| | | |
|---|---|---|
| | | |
| 17. | ഔദ്യോഗികാംഗങ്ങളുടെ അധികാരങ്ങളും ചുമതലകളും | |
| 17.1.7 | ആവശ്യമെന്നു കണ്ടാൽ ഉപസമിതി കൺവീനർമാരും മെമ്പർ സെക്രട്ടറിയും ഉൾപ്പെടുന്ന സിഡിഎസ് സ്റ്റിയറിംഗ് കമ്മിറ്റി വിളിച്ചുകൂട്ടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചുമതലകൾ വീതിച്ചു നൽകുകയും ദിശാഗതി നിയന്ത്രണം നടത്തുകയും ചെയ്യണം | എല്ലാ മാസവും **സി.ഡി.എസ് യോഗത്തിനു മുൻപ്**സി.ഡി.എസ് **ചെയർപേഴ്സണും, ഉപസമിതി കൺവീനർമാരും മെമ്പർ സെക്രട്ടറിയും ഉൾപ്പെടുന്ന സിഡിഎസ് സ്റ്റിയറിംഗ് കമ്മിറ്റി നിർബന്ധമായും വിളിച്ചുചേർക്കുകയും സി.ഡി.എസ് യോഗത്തിൽ ചർച്ച ചെയ്യുന്ന അജണ്ടയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു നിർദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യണം. സംസ്ഥാന-ജില്ലാ-സി.ഡി.എസ് തീരുമാനപ്രകാരമുള്ള പരിപാടികൾ അയൽക്കൂട്ടതലം വരെ നടപ്പാക്കുന്നതിനുള്ള** പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചുമതലകൾ വീതിച്ചു നൽകുകയും ദിശാഗതി നിയന്ത്രണം നടത്തുകയും ചെയ്യണം |
| 17.1.9 | പുതുതായി ചേർക്കുന്നത് | **ത്രിതല സംഘടനാ സംവിധാനത്തെ ശക്തിപ്പെടുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.** |
| 17.1.10. | പുതുതായി ചേർക്കൽ | **അതാത് തലങ്ങളിൽ കുടുംബശ്രീയു** |

| | | |
|---|---|---|
| | | **ടെ നേതൃത്വത്തിൽ നടക്കുന്ന പരിപാടികൾ/ക്യാമ്പെയിൻ/ഉദ്ഘാടനം ഉൾപ്പെടെയുള്ള ചടങ്ങുകൾ എന്നിവയിൽ അദ്ധ്യക്ഷത വഹിക്കൽ.** |
| 17.2. | വൈസ് ചെയർപേഴ്സൺ/വൈസ് പ്രസിഡൻറ് | |
| | 17.2.1. ചെയർപേഴ്സൻറെ/പ്രസിഡൻറിൻറെ അഭാവത്തിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് വൈസ് ചെയർപേഴ്സൺ/വൈസ് പ്രസിഡൻറാണ്.<br><br>17.2.2. ഭരണകാര്യങ്ങളിൽ ചെയർപേഴ്സൺ/പ്രസിഡൻറിനെ സഹായിക്കണം.<br><br>17.2.3. ഭരണസമിതി നിശ്ചയിക്കുന്ന മറ്റു കാര്യങ്ങൾ | 17.2.1. **ചെയർപേഴ്സന്റെ അഭാവത്തിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് വൈസ് ചെയർപേഴ്സൺ ആണ്.**<br><br>17.2.2. ഭരണകാര്യങ്ങളിൽ ചെയർപേഴ്സണെ സഹായിക്കുക.<br><br>17.2.3. **മൈക്രോ ഫിനാൻസ്, MIS പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.**<br><br>17.2.4.ഭരണസമിതി നിശ്ചയിക്കുന്ന മറ്റു**ചുമതലകൾ** |
| 17.11 | കുടുംബശ്രീ എഡിഎസ് രക്ഷാധികാരിയുടെ (Patron's) ചുമതലകൾ:-<br><br>1) വാർഡിലെ / ഡിവിഷനിലെ ജനപ്രതിനിധി എന്ന നിലയിൽ ഗ്രാമ പഞ്ചായത്തിൻറെ / നഗരസഭയുടെ കീഴിലുള്ള പ്രധാന ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയായി പ്രവർത്തിക്കുന്ന കുടും | കുടുംബശ്രീ**എഡിഎസ് സംയോജന വികസന സമിതിയുടെ ചെയർമാൻ**ചുമതലകൾ:-<br><br>1. വാർഡിലെ / ഡിവിഷനിലെ ജനപ്രതിനിധി എന്ന നിലയിൽ ഗ്രാമ പഞ്ചായത്തിൻറെ / നഗരസഭയുടെ കീഴിലുള്ള പ്രധാന ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയായി |

| | | |
|---|---|---|
| | ബശ്രീ എന്ന സാമൂഹ്യാധിഷ്ഠിത സംഘടനയുമായുള്ള ജനാധിപത്യപരമായ ഏകോപനത്തിൻറെ (PRI-CBO- Convergence )മുഖ്യ കണ്ണിയായി വർത്തിക്കുക.<br><br>2) വാർഡിലെ കുടുംബ കൂട്ടായ്മകളായ എല്ലാ അയൽക്കൂട്ടങ്ങളുടെയും സാമൂഹിക- സാമ്പത്തിക സ്വാശ്രയത്വത്തിലേയ്ക്ക് ഉതകുന്ന പരിപാടികൾ നടപ്പാക്കുവാനുള്ള പ്രധാന ഉപാധിയായി എഡിഎസ് വേദികളെ പ്രയോജനപ്പെടുത്തുക.<br><br>3) തദ്ദേശ ഭരണ സ്ഥാപനത്തിൻറെ ബഡ്ജറ്റും വാർഷിക ആസൂത്രണ വികസന രേഖയും പാസാക്കപ്പെടുന്നതിനു മുമ്പു തന്നെ എ.ഡി.എസ്/സിഡിഎസ് ഡിമാൻഡ് പ്ലാൻ തയ്യാറാക്കുന്നതിന് സഹായിക്കുക.<br><br>4) തദ്ദേശ സ്വയംഭരണ സർക്കാരിൻറെ, ഭരണ സമിതിയിൽ സ്വന്തം വാർഡിലെ/ ഡിവിഷനിലെ അനുഭവത്തിൻറെ അടിസ്ഥാനത്തിൽ കുടുംബശ്രീ എഡിഎസ് അടക്കമുള്ള കുടുംബശ്രീ പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധിച്ച് വിലയിരുത്തി അവതരിപ്പിക്കുക .<br><br>5) എഡിഎസ്സിൻറെ ആസ്ഥാനമെന്ന നിലയിൽ പ്രവർത്തകർക്കും അംഗങ്ങൾക്കും കൂടിയിരിക്കാനും യോഗം ചേരാനും രേഖകളും മറ്റു പ്രമാണങ്ങളും സൂക്ഷിക്കുവാനും സൗകര്യമുള്ളതും അടച്ചുറപ്പുള്ളതുമായ ഒരിടം ലഭ്യമാക്കുവാൻ കാലതാമസമെന്യേ പരിശ്രമിക്കേണ്ടതാണ്. | പ്രവർത്തിക്കുന്ന കുടുംബശ്രീ എന്ന സാമൂഹ്യാധിഷ്ഠിത സംഘടനയുമായുള്ള ജനാധിപത്യപരമായ ഏകോപനത്തിൻറെ (PRI-CBO- Convergence) മുഖ്യ കണ്ണിയായി വർത്തിക്കുക.<br><br>2. വാർഡിലെ കുടുംബ കൂട്ടായ്മകളായ എല്ലാ അയൽക്കൂട്ടങ്ങളുടെയും സാമൂഹിക- സാമ്പത്തിക സ്വാശ്രയത്വത്തിലേയ്ക്ക് ഉതകുന്ന പരിപാടികൾ നടപ്പാക്കുവാനുള്ള പ്രധാന ഉപാധിയായി എഡിഎസ് സംയോജന വികസന സമിതിയെ പ്രയോജനപ്പെടുത്തുക.<br><br>3. തദ്ദേശ ഭരണ സ്ഥാപനത്തിൻറെ ബഡ്ജറ്റും വാർഷിക ആസൂത്രണ വികസന രേഖയും പാസാക്കപ്പെടുന്നതിനു മുമ്പു തന്നെ എ.ഡി.എസ്/സിഡിഎസ് ഡിമാൻഡ് പ്ലാൻ തയ്യാറാക്കുന്നതിന് സഹായിക്കുക.<br><br>4. തദ്ദേശ സ്വയംഭരണ സർക്കാരിൻറെ, ഭരണ സമിതിയിൽ സ്വന്തം വാർഡിലെ/ ഡിവിഷനിലെ അനുഭവത്തിൻറെ അടിസ്ഥാനത്തിൽ കുടുംബശ്രീ എഡിഎസ് അടക്കമുള്ള കുടുംബശ്രീ പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധിച്ച് വിലയിരുത്തി**എഡിഎസ് സംയോജന വികസന സമിതിയിൽ**അവതരിപ്പിക്കുക.<br><br>5. എഡിഎസ്സിൻറെ ആസ്ഥാനമെന്ന നിലയിൽ പ്രവർത് |

| | | |
|---|---|---|
| | | തകർക്കും അംഗങ്ങൾക്കും കൂടിയിരിക്കാനും യോഗം ചേരാനും രേഖകളും മറ്റു പ്രമാണങ്ങളും സൂക്ഷിക്കുവാനും സൗകര്യമുള്ളതും അടച്ചുറപ്പുള്ളതുമായ ഒരിടം ലഭ്യമാക്കുവാൻ കാലതാമസമെന്യേ പരിശ്രമിക്കേണ്ടതാണ്.<br><br>6. **കുടുംബശ്രീയുടെ ശാക്തീകരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതി യോഗത്തിൽ വിഷയം അവതരിപ്പിക്കുക** |
| 17.13. | പുതുതായി ചേർക്കുന്നത് | **വാർഡ്സഭ/ഗ്രാമസഭ, തൊഴിലുറപ്പ് ഉപസമിതി കൺവീനർ ചുമതലകൾ.**<br><br>1. **VPRP/UPRP തയ്യാറാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക, തയ്യാറാക്കിയ പ്ലാനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടകങ്ങളിൽ അവതരിപ്പിക്കുക.**<br><br>2. **സർക്കാർ ഉത്തരവ് പ്രകാരം തൊഴിലുറപ്പ് മേറ്റ് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സഹായിക്കുക.**<br><br>3. **തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയുമായുള്ള സംയോജനം ഉറപ്പുവരുത്തുക.**<br><br>4. **ഭരണ സമിതി ചുമതലപ്പെടു** |

| | | |
|---|---|---|
| | | ്തുന്ന മറ്റു ചുമതലകൾ. |
| 17.14 | പുതുതായി ചേർക്കുന്നത് | **സിഡിഎസ് മെമ്പറുടെ ചുമതലകൾ**<br><br>1. **ചുമതലയുള്ള എഡിഎസിലെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് എഡിഎസ് ഭരണ സമിതിയെ സഹായിക്കുക.**<br>2. **എഡിഎസ് ഭരണ സമിതിയുടെ പ്രവർത്തനങ്ങൾ, പ്രവർത്തന റിപ്പോർട്ട് സിഡിഎസ് ഭരണ സമിതിയിൽ അവതരിപ്പിക്കുക.**<br>3. **എഡിഎസ്-സിഡിഎസ് സംവിധാനത്തെ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.**<br>4. **എഡിഎസ്-സിഡിഎസ് യോഗത്തിലെ സജീവ പങ്കാളിത്തം.**<br>5. **സിഡിഎസ് ഭരണ സമിതി നിശ്ചയിക്കുന്ന മറ്റു ചുമതലകൾ.** |
| 17.15. | പുതുതായി ചേർക്കുന്നത് | **5 ഉപസമിതികളുടെ ചുമതലയിൽ ബൈലോയിലുൾപ്പെടാത്ത വിഷയങ്ങൾ അടക്കമുള്ള അതാത് കാലത്തുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ചുമതലകളിൽ ആവശ്യമായ മാറ്റം ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് പുറപ്പെടുവിക്കാവുന്നതാണ്.** |

| | | |
|---|---|---|
| | | |
| 19 | കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് സ ൊസൈറ്റിക്കു മേലുമുള്ള വ്യവഹ ാരങ്ങൾ | |
| 19.1. | സി.ഡി.എസ്സിനു വേണ്ടിയോ, സി .ഡി.എസ്സിൻറെ പേർക്കോ ഉള്ള സകല കേസ്സുകളും സി.ഡി.എസ്സ ിനു വേണ്ടി മെമ്പർ സെക്രട്ടറി നടത്തേണ്ടതാണ്. | സി.ഡി.എസ്സിനു വേണ്ടിയോ, സി. ഡി.എസ്സിന്റെ പേർക്കോ ഉള്ളതായ കോടതി വ്യവഹാരങ്ങൾ സി. ഡി.എസ് ഭരണ സമിതിക്കുവേണ്ടി മെമ്പർ സെക്രട്ടറി നടത്തേണ്ടതാണ്.**എ.ഡി.എസ്സിനു വേണ്ടിയോ, എ.ഡി.എസ്സിന്റെ പേർക്കോ ഉള്ളതായ പൊതുകാര്യങ്ങൾക്കെതിരെയുള്ള കോടതി വ്യവഹാരങ്ങൾ എ .ഡി.എസ് ഭരണ സമിതിക്കുവേണ്ടി എ.ഡി.എസ് സെക്രട്ടറി നടത്തേണ്ടതാണ്.**<br><br>**ഇതിനാവശ്യമായ ചെലവ് എ. ഡി.എസ് തനത് ഫണ്ടിന്റെ അപര്യാപ്തതയിൽ സിഡിഎസ് തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.** |
| 20 | കുറ്റക്കാരായ അംഗങ്ങൾ അന്യര െപ്പോലെ ശിക്ഷാർഹരാണ് | |
| 20.2 | അയൽക്കൂട്ടതല വസ്തുതാന്വേഷ ണ സമിതി:- അയൽക്കൂട്ടതല വ | അയൽക്കൂട്ടതല വസ്തുതാന്വേഷണ സമിതി:- അയൽക്കൂട്ടതല വസ്തുതാ |

| | | |
|---|---|---|
| | സ്ഥതാന്വേഷണ സമിതി എന്നത് എഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, എഡിഎസ് കമ്മിറ്റിയിൽ നിന്നും നിയോഗിക്കപ്പെടുന്ന മറ്റൊരു അംഗം എന്നിവർ ഉൾപ്പെട്ട മൂന്ന് (3) അംഗ സമിതിയായിരിക്കും. അയൽക്കൂട്ടത്തിലെ പ്രശ്നങ്ങൾ/ പരാതികൾ / തർക്കങ്ങൾ രമ്യമായി ജനാധിപത്യപരമായി പരിഹരിക്കുന്നതിനാണ് അയൽക്കൂട്ടതല വസ്തുതാന്വേഷണ സമിതി പ്രവർത്തിക്കേണ്ടത്. ഈ സമിതിയുടെ റിപ്പോർട്ട് അയൽക്കൂട്ട യോഗത്തിൽ അവതരിപ്പിച്ച് അംഗങ്ങളുടെ അംഗീകാരത്തോടെ വേണം പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടത്. സാമ്പത്തിക കുറ്റകൃത്യം അടക്കമുള്ള ഗുരുത പ്രശ്നങ്ങളിൽ വസ്തുതാന്വേഷണ സമിതിയുടെ റിപ്പോർട്ട് സിഡിഎസ്സിന് സമർപ്പിക്കേണ്ടതും, ആവശ്യമെങ്കിൽ സിഡിഎസ്സ് നിയമനടപടി സ്വീകരിക്കേണ്ടതുമാണ്. അയൽക്കൂട്ടതലത്തിലെ എല്ലാവിധ പ്രശ്നങ്ങളും/ പരാതികളും/തർക്കങ്ങളും അയൽക്കൂട്ടതല വസ്തുതാന്വേഷണ സമിതിയിലാണ് പ്രാഥമികമായി സമർപ്പിക്കേണ്ടത്.ഏതൊരു ഘടകത്തിനും മേൽ ഘടകത്തിന്റെ തീർപ്പിനെതിരെ ജില്ലാ/ സംസ്ഥാന മിഷന് അപ്പീൽ നൽകാവുന്നതാണ്. | ന്വേഷണ സമിതി എന്നത് എഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, എഡിഎസ് കമ്മിറ്റിയിൽ നിന്നും നിയോഗിക്കപ്പെടുന്ന മറ്റൊരു അംഗം, **സി.ഡി.എസ് അംഗം**എന്നിവർ ഉൾപ്പെട്ട **നാല് (4) അംഗ**സമിതിയായിരിക്കും. അയൽക്കൂട്ടത്തിലെ പ്രശ്നങ്ങൾ/ പരാതികൾ / തർക്കങ്ങൾ രമ്യമായി ജനാധിപത്യപരമായി പരിഹരിക്കുന്നതിനാണ് അയൽക്കൂട്ടതല വസ്തുതാന്വേഷണ സമിതി പ്രവർത്തിക്കേണ്ടത്. ഈ സമിതിയുടെ റിപ്പോർട്ട് അയൽക്കൂട്ട യോഗത്തിൽ അവതരിപ്പിച്ച് അംഗങ്ങളുടെ അംഗീകാരത്തോടെ വേണം പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടത്. സാമ്പത്തിക കുറ്റകൃത്യം അടക്കമുള്ള ഗുരുതര പ്രശ്നങ്ങളിൽ വസ്തുതാന്വേഷണ സമിതിയുടെ റിപ്പോർട്ട് സിഡിഎസ്സിന് സമർപ്പിക്കേണ്ടതും, ആവശ്യമെങ്കിൽ സിഡിഎസ്സ് നിയമനടപടി സ്വീകരിക്കേണ്ടതുമാണ്. അയൽക്കൂട്ടതലത്തിലെ എല്ലാവിധ പ്രശ്നങ്ങളും/പരാതികളും/തർക്കങ്ങളും അയൽക്കൂട്ടതല വസ്തുതാന്വേഷണ സമിതിയിലാണ് പ്രാഥമികമായി സമർപ്പിക്കേണ്ടത്. ഏതൊരു ഘടകത്തിനും മേൽ ഘടകത്തിന്റെ തീർപ്പിനെതിരെ ജില്ലാ/ സംസ്ഥാന മിഷന് അപ്പീൽ നൽകാവുന്നതാണ്. |

| | | |
|---|---|---|
| | | |
| 20.3 | എഡിഎസ് തല വസ്തുതാന്വേഷണ സമിതി:-എഡിഎസ് തല വസ്തുതാന്വേഷണ സമിതി എന്നത് സിഡിഎസ് ചെയർപേഴ്സൺ, സിഡിഎസ് വൈസ് ചെയർപേഴ്സൺ, സിഡിഎസ് കമ്മിറ്റിയിൽ നിന്നും നിയോഗിക്കപ്പെടുന്ന മറ്റൊരു അംഗം എന്നിവർ ഉൾപ്പെടെ മൂന്ന് (3) അംഗ സമിതിയായിരിക്കും. എഡിഎസ്സിലെ പ്രശ്നങ്ങൾ/ പരാതികൾ / തർക്കങ്ങൾ രമ്യമായി ജനാധിപത്യപരമായി പരിഹരിക്കുന്നതിനാണ് എഡിഎസ്തല വസ്തുതാന്വേഷണ സമിതി പ്രവർത്തിക്കേണ്ടത്. ഈ സമിതിയുടെ റിപ്പോർട്ട് എഡിഎസ് യോഗത്തിൽ അവതരിപ്പിച്ച് അംഗങ്ങളുടെ അംഗീകാരത്തോടെ വേണം പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടത്. സാമ്പത്തിക കുറ്റകൃത്യം അടക്കമുള്ള ഗുരുതര പ്രശ്നങ്ങളിൽ വസ്തുതാന്വേഷണ സമിതിയുടെ റിപ്പോർട്ടിന്മേൽ സിഡിഎസ് ആവശ്യമെങ്കിൽ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്. എഡിഎസ് തലത്തിലെ എല്ലാവിധ പ്രശ്നങ്ങളും/പരാതികളും/തർക്കങ്ങളും എഡിഎസ് വസ്തുതാന്വേഷണ സമിതിയിലാണ് പ്രാഥമികമായി സമർപ്പിക്കേണ്ടത്. | എഡിഎസ് തല വസ്തുതാന്വേഷണ സമിതി:-എഡിഎസ് തല വസ്തുതാന്വേഷണ സമിതി എന്നത് സിഡിഎസ് ചെയർപേഴ്സൺ, സിഡിഎസ് വൈസ് ചെയർപേഴ്സൺ, **മെമ്പർ സെക്രട്ടറി** സിഡിഎസ് കമ്മിറ്റിയിൽ നിന്നും നിയോഗിക്കപ്പെടുന്ന മറ്റൊരു അംഗം എന്നിവർ ഉൾപ്പെടെ **നാല് (4) അംഗ**സമിതിയായിരിക്കും. എഡിഎസ്സിലെ പ്രശ്നങ്ങൾ/ പരാതികൾ / തർക്കങ്ങൾ രമ്യമായി ജനാധിപത്യപരമായി പരിഹരിക്കുന്നതിനാണ്എഡിഎസ് തല വസ്തുതാന്വേഷണ സമിതി പ്രവർത്തിക്കേണ്ടത്. ഈ സമിതിയുടെ റിപ്പോർട്ട് എഡിഎസ് യോഗത്തിൽ അവതരിപ്പിച്ച് അംഗങ്ങളുടെ അംഗീകാരത്തോടെ വേണം പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടത്. സാമ്പത്തിക കുറ്റകൃത്യം അടക്കമുള്ള ഗുരുതര പ്രശ്നങ്ങളിൽ വസ്തുതാന്വേഷണ സമിതിയുടെ റിപ്പോർട്ടിന്മേൽ സിഡിഎസ് ആവശ്യമെങ്കിൽ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്. എഡിഎസ് തലത്തിലെ എല്ലാവിധ പ്രശ്നങ്ങളും/പരാതികളും/തർക്കങ്ങളും എഡിഎസ് വസ്തുതാന്വേഷണ സമിതിയിലാണ് പ്രാഥമികമായി സമർപ്പിക്കേണ്ടത്. |

| | | |
|---|---|---|
| | | |
| 20.4 | സിഡിഎസ് തല വസ്തുതാന്വേഷണ സമിതി:-സിഡിഎസ് തലവസ്തുതാന്വേഷണ സമിതി എന്നത് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസിസ്റ്റൻറ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (സംഘടന) , ജില്ലാ പ്രോഗ്രാം മാനേജർ(സംഘടന) എന്നിവർ ഉൾപ്പെട്ട മൂന്ന് (3) അംഗ സമിതിയായിരിക്കും. സിഡിഎസ്സിലെ പ്രശ്നങ്ങൾ/ പരാതികൾ / തർക്കങ്ങൾ രമ്യമായി ജനാധിപത്യപരമായി പരിഹരിക്കുന്നതിനാണ്സിഡിഎസ് തലവസ്തുതാന്വേഷണ സമിതി പ്രവർത്തിക്കേണ്ടത്. ഈ സമിതിയുടെ റിപ്പോർട്ട് സിഡിഎസ് യോഗത്തിൽ അവതരിപ്പിച്ച് അംഗങ്ങളുടെ അംഗീകാരത്തോടെ വേണം പരാതിയിൻ മേൽ തീർപ്പ് കൽപ്പിക്കേണ്ടത്. സിഡിഎസ് തലത്തിലെ എല്ലാവിധ പ്രശ്നങ്ങളും/പരാതികളും/തർക്കങ്ങളും സിഡിഎസ് വസ്തുതാന്വേഷണ സമിതിയിലാണ് പ്രാഥമികമായി സമർപ്പിക്കേണ്ടത്.<br><br>ഓരോ ഘടകത്തിലേയും പരാതികൾ അതാത് ഘടകത്തിൽ തന്നെ തീർപ്പാക്കേണ്ടതാണ്. | സിഡിഎസ് തല വസ്തുതാന്വേഷണ സമിതി:- സിഡിഎസ് തല വസ്തുതാന്വേഷണ സമിതി എന്നത്-<br><br>**കൺവീനർ - *അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (IBCB)***<br><br>***അംഗങ്ങൾ- അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം മാനേജർ***<br><br>എന്നിവർ ഉൾപ്പെട്ട മൂന്ന് (3) അംഗ സമിതിയായിരിക്കും. സിഡിഎസ്സിലെ പ്രശ്നങ്ങൾ/ പരാതികൾ / തർക്കങ്ങൾ രമ്യമായി ജനാധിപത്യപരമായി പരിഹരിക്കുന്നതിനാണ്സിഡിഎസ് തലവസ്തുതാന്വേഷണ സമിതി പ്രവർത്തിക്കേണ്ടത്. ഈ സമിതിയുടെ റിപ്പോർട്ട് സിഡിഎസ് യോഗത്തിൽ അവതരിപ്പിച്ച് അംഗങ്ങളുടെ അംഗീകാരത്തോടെ വേണം പരാതിയി ന്മേൽ തീർപ്പ് കൽപ്പിക്കേണ്ടത്.***എന്നാൽ അഴിമതി ഉൾപ്പെടെയുള്ള സാമ്പത്തിക ക്രമക്കേട് ആണെങ്കിൽ സിഡിഎസ് ഭരണസമിതിയുടെ ഭൂരിപക്ഷ തീരുമാനം ഇല്ലായെങ്കിലും നടപടി സ്വീകരിക്കാവുന്നതാണ്. സിഡി എസിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വസ്തുതാന്വേഷണ സമിതി റിപ്പോർട്ട് ജില്ലാമിഷൻ കോർഡിനേറ്റർക്കു നൽകേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അനുമതിയോടെ തുടർനടപടി സ്വീകരിക്കേണ്ടതു*** |

| | | |
|---|---|---|
| | | ***മാണ് കൂടാതെ***സിഡിഎസ് തലത്തിലെ എല്ലാവിധ പ്രശ്നങ്ങളും/പരാതികളും/തർക്കങ്ങളും സിഡിഎസ് വസ്തുതാന്വേഷണ സമിതിയിലാണ് പ്രാഥമികമായി സമർപ്പിക്കേണ്ടത്.<br><br>ഓരോ ഘടകത്തിലേയും പരാതികൾ അതാത് ഘടകത്തിൽ തന്നെ തീർപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.<br><br>**ഓരോ ഘടകത്തിലേയും പരാതികൾ തീർപ്പാക്കുന്നതിനായി രൂപീകരിക്കുന്ന വസ്തുതാന്വേഷണ സമിതിയിൽ കുറ്റാരോപിതർ ഉണ്ടാകാൻ പാടുള്ളതല്ല. ഏതെങ്കിലും കാരണവശാൽ കുറ്റാരോപിതർ വസ്തുതാന്വേഷണ സമിതിയിൽ ഉൾപ്പെടുന്ന സാഹചര്യം വന്നാൽ ടിയാളുകളെ ഒഴിവാക്കി പകരം മറ്റൊരംഗത്തെ ഉൾപ്പെടുത്തേണ്ടതാണ്.** |

| | | |
|---|---|---|
| | | |
| 20.5 | സാമ്പത്തിക ക്രമക്കേടുകളായി പരിഗണിക്കേണ്ടവ:- സിഡിഎസ്/ എഡിഎസ്/ അയൽക്കൂട്ട ഭരണ സമിതിയുടെ അനുമതിയില്ലാതെ പണം പിൻവലിച്ച് കൈവശം വയ്ക്കുക. ഗുണഭോക്താക്കൾക്ക് നൽകേണ്ട സാമ്പത്തിക സഹായം വകമാറ്റി ചെലവഴിക്കുക. മറ്റു സ്വകാര്യ ആവശ്യങ്ങൾക്ക് വിനിയോഗിക്കുക. ഏതെങ്കിൽ സേവനങ്ങൾക്ക് പ്രതിഫലമായി അനധികൃതമായി കമ്മീഷനോ, പാരിതോഷികമോ കൈപ്പറ്റൽ. | സാമ്പത്തിക ക്രമക്കേടുകളായി പരിഗണിക്കേണ്ടവ:- സിഡിഎസ്/ എഡിഎസ്/ അയൽക്കൂട്ട**വരവുകൾ യഥാവിധി ആവശ്യമായ രേഖകളിൽ**/**ബുക്കുകളിൽ ചേർക്കാതെയോ ബാങ്കിൽ ഇടാതെയോ കൈവശം വയ്ക്കുക,** ഭരണ സമിതിയുടെ അനുമതിയില്ലാതെ പണം പിൻവലിച്ച് കൈവശം**വയ്ക്കലും ചെലവഴിക്കലും,** ഗുണഭോക്താക്കൾക്ക് നൽകേണ്ട സാമ്പത്തിക സഹായം വകമാറ്റി ചെലവഴിക്കുക, മറ്റു സ്വകാര്യ ആവശ്യങ്ങൾക്ക് വിനിയോഗിക്കുക, ഏതെങ്കിലും സേവനങ്ങൾക്ക് പ്രതിഫലമായി അനധികൃതമായി കമ്മീഷനോ, പാരിതോഷികമോ കൈപ്പറ്റൽ, **എന്നിവ ഉൾപ്പെടെ ധനപരമായിട്ടുള്ള നിയമാനുസൃതമല്ലാത്ത ഏതൊരു പ്രവർത്തനവും** |
| 20.6 | എല്ലാ തലത്തിലുമുള്ള വസ്തുതാ അന്വേഷണ സമിതിക്കു ലഭിക്കുന്ന പരാതിയെക്കുറിച്ച് ആവശ്യമായ തെളിവെടുപ്പുകൾ, ബന്ധപ്പെട്ട കമ്മിറ്റികൾ / യോഗങ്ങൾ വിളിച്ചു ചേർത്തും ആരോപണവിധേയരെ നേരിൽ കണ്ടു സംസാരിച്ചും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ആവശ്യഘട്ടത്തിൽ ഉപരികമ്മിറ്റി അംഗങ്ങളെ/ കാസ് അംഗത്തിന | എല്ലാ തലത്തിലുമുള്ള വസ്തുതാ അന്വേഷണ സമിതിക്കു ലഭിക്കുന്ന പരാതിയെക്കുറിച്ച് ആവശ്യമായ തെളിവെടുപ്പുകൾ, ബന്ധപ്പെട്ട കമ്മിറ്റികൾ / യോഗങ്ങൾ വിളിച്ചു ചേർത്തും ആരോപണവിധേയരെ നേരിൽ കണ്ടു സംസാരിച്ചും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ആവശ്യഘട്ടത്തിൽ ഉപരികമ്മിറ്റി അംഗങ്ങളെ/ കാസ് അംഗത്തിനെ/ ബ്ലോക്ക് |

| | | |
|---|---|---|
| | ൈ/ ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ സേവനം പ്രയോജനപ്പെടുത്തി തെളിവെടുപ്പ് പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കം തന്നെ വസ്തുതാ വിവരണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. വസ്തുതാ വിവരണ റിപ്പോർട്ടിൽ നഷ്ടോത്തരവാദിത്വ തുക എത്രയെന്ന് വ്യക്തമാക്കിയിരിക്കണം. നഷ്ടപ്പെട്ടതായി കണക്കാക്കപ്പെടുന്ന തുകയും ക്രമ പലിശയും പിഴപലിശയും അടക്കമുള്ള തുകയായിരിക്കണം നഷ്ടോത്തരവാദിത്വ തുക. നഷ്ടോത്തരവാദിത്വം തെളിയിക്കപ്പെടുകയാണെങ്കിൽ അതിനുത്തരവാദിയാവർ, അവർ വഹിക്കുന്ന ഔദ്യോഗിക പദവിയിൽ നിന്നും സസ്പെൻഡു ചെയ്യപ്പെടുന്നതടക്കമുള്ള നടപടികൾക്ക് ശുപാർശ ചെയ്യാവുന്നതും തെളിവില്ലായെങ്കിൽ അതിനനുസൃതമായി കുറ്റവിമുക്തമാക്കുന്നതുമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയവ ബന്ധപ്പെട്ട കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. | കോ-ഓർഡിനേറ്ററുടെ സേവനം പ്രയോജനപ്പെടുത്തി തെളിവെടുപ്പ് പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കം തന്നെ വസ്തുതാ വിവരണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. വസ്തുതാ വിവരണ റിപ്പോർട്ടിൽ നഷ്ടോത്തരവാദിത്വ തുക എത്രയെന്ന് വ്യക്തമാക്കിയിരിക്കണം. നഷ്ടപ്പെട്ടതായി കണക്കാക്കപ്പെടുന്ന തുകയും ക്രമ പലിശയും പിഴപലിശയും അടക്കമുള്ള തുകയായിരിക്കണം നഷ്ടോത്തരവാദിത്വ തുക. **റിപ്പോർട്ടിൻ പ്രകാരം കുറ്റക്കാരായവർ**അവർ വഹിക്കുന്ന ഔദ്യോഗിക പദവിയിൽ നിന്നും സസ്പെൻഡു ചെയ്യപ്പെടുന്നതടക്കമുള്ള നടപടികൾക്ക് ശുപാർശ ചെയ്യാവുന്നതാണ്. തെളിവില്ലായെങ്കിൽ അതിനനുസൃതമായി കുറ്റവിമുക്തമാക്കുന്നതുമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയവ ബന്ധപ്പെട്ട കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. **അതാത് പൊതുസഭകൾക്കായിരിക്കും റിപ്പോർട്ടിൻപ്രകാരം കുറ്റക്കാരായവരെ സസ്പെൻഡു ചെയ്യാൻ അധികാരമുണ്ടായിരിക്കുക.**<br><br>**നഷ്ടോത്തരവാദിത്വ തുക തിരിച്ചുപിടിക്കുന്നതിന് റവന്യൂറിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടി സ്വീകരിക്കാൻ മെമ്പർ സെക്രട്ടറി/ ജില്ലാമിഷൻ കോർഡിനേറ്റർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. വസ്തുതാന്വേഷണസമിതി റിപ്പോർട്ടിൻപ്രകാരം സാമ്പത്തിക ക്രമക്കേട് നടത്തിയവർക്കെതിരെ ക്രിമിനൽ നിയമനടപടികൾ മെമ്പർ സെക്രട്ടറി / ജില്ലാമിഷൻ കോർഡിനേറ്റർ സ്വീകരിക്കേണ്ടതാണ്.** |

| | | |
|---|---|---|
| | | |
| 20.10 | അയൽക്കൂട്ടതല വസ്തുതാന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തീരുമാനത്തിനെതിരെയുള്ള അപ്പീൽ എഡിഎസ് വസ്തുതാന്വേഷണ സമിതിയ്ക്കും, എഡിഎസ് വസ്തുതാന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തീരുമാനത്തിനെതിരെയുള്ള അപ്പീൽ സിഡിഎസ് വസ്തുതാന്വേഷണ സമിതിക്കും, സിഡിഎസ് വസ്തുതാന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തീരുമാനത്തിനെതിരെയുള്ള അപ്പീൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്കും നൽകാവുന്നതാണ്. | അയൽക്കൂട്ടതല വസ്തുതാന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തീരുമാനത്തിനെതിരെയുള്ള അപ്പീൽ എഡിഎസ് വസ്തുതാന്വേഷണ സമിതിയ്ക്കും, എഡിഎസ് വസ്തുതാന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തീരുമാനത്തിനെതിരെയുള്ള അപ്പീൽ സിഡിഎസ് വസ്തുതാന്വേഷണ സമിതിക്കും, സിഡിഎസ് വസ്തുതാന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള തീരുമാനത്തിനെതിരെയുള്ള അപ്പീൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്കും നൽകാവുന്നതാണ്. ***അതത് വസ്തുതാന്വേഷണസമിതികൾ അപ്പീൽ പരിശോധിച്ച് 3 0 ദിവസത്തിനുള്ളിൽ തീർപ്പ് കല്പിക്കേണ്ടതാണ്.*** |
| 22. | നിലവിലെ അനുച്ഛേദം 22, 23 ലേയ്ക്ക് മാറ്റുകയും 22-ൽ പുതുതായി ഉ | **പ്രത്യേക സ്വയംസഹായ സംഘം (ഓക്സിലറി ഗ്രൂപ്പ്) - പ്രവർത്തന രീത** |

| | | |
|---|---|---|
| | ൾപ്പെടുത്തുന്നത്. | ിയും ഘടനയും |
| 22.1 | **നിർവ്വചനം** | **സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്നതിനു വേണ്ടിയുള്ളഓക്സിലറി ഗ്രൂപ്പ്- കുടുംബശ്രീ അയൽക്കൂട്ട അംഗമല്ലാത്ത 10 മുതൽ 20-വരെ അംഗങ്ങളുള്ള യുവതികളുടെ കൂട്ടായ്മ. അംഗത്വം സ്വീകരിക്കുന്നതിനുള്ള പ്രായപരിധി 18-നും 40 നും ഇടയിൽ. (മേൽ പ്രായപരിധിയിലുള്ള അയൽക്കൂട്ട അംഗങ്ങൾ ഓക്സിലറി ഗ്രൂപ്പിൽ അംഗത്വം എടുക്കാൻ പാടുള്ളതല്ല.)** |
| 22.2 | **അംഗത്വം:** | **18-നും 40-നും ഇടയിലുള്ള കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമല്ലാത്ത യുവതികൾക്ക് അംഗത്വം നൽകാവുന്നതാണ്. കുടുംബത്തിലെ ഒന്നിലധികം പേർക്കും അംഗത്വം നൽകാം.** |
| 22.3 | **അഫിലിയേഷൻ:** | **ഓക്സിലറി ഗ്രൂപ്പ് എന്ന നിലയിൽ കുടുംബശ്രീ സി.ഡി.എസ്സിൽ നേടുന്ന അഫിലിയേഷൻ.**<br><br>**കുടുംബശ്രീ അയൽക്കൂട്ടത്തിന് ബാധകമായ അഫിലിയേഷൻ ഫീസ്, പുനർഅഫിലിയേഷൻ ഫീസ് എന്നിവ ഓക്സിലറി ഗ്രൂപ്പിനും ബാധകമാ** |

| | | |
|---|---|---|
| | | യിരിക്കും. |
| 22.4 | ഘടന | ഓക്സിലറി ഗ്രൂപ്പിന് താഴെപറയുന്ന 5 അംഗ ഭാരവാഹികൾ ഉണ്ടായിരിക്കും.<br><br>1. ടീം ലീഡർ<br>2. ടീം അംഗം (ഫിനാൻസ്)<br>3. ടീം അംഗം (കോ-ഓർഡിനേഷൻ)<br>4. ടീം അംഗം (സാമൂഹ്യ വികസനം)<br>5. ടീം അംഗം (ഉപജീവനം)<br><br>ടീം ലീഡറും, ടീം മെമ്പർ ഫിനാൻസും സംയുക്തമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.<br><br>എഡിഎസ് തല കൺസോർഷ്യം:<br><br>എഡിഎസ് പരിധിക്കുള്ളിൽ രൂപീകരിച്ച ഓക്സിലറി ഗ്രൂപ്പുകളിലെ 5 അംഗ ഭാരവാഹികൾ ഒരുമിച്ച് ചേർന്ന് തെരഞ്ഞെടുക്കുന്ന സമിതിയാണ് എഡിഎസ് തല കൺസോർഷ്യം.<br><br>1. കൺസോർഷ്യം ലീഡർ<br>2. കൺസോർഷ്യം കോ-ഓർഡിനേറ്റർ |

| | | |
|---|---|---|
| | | 3. **ടീം ലീഡ് ഫിനാൻസ്**<br>4. **ടീം ലീഡ് സാമൂഹ്യവികസനം**<br>5. **ടീം ലീഡ് ഉപജീവനം**<br><br>**എഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ എക്സ് ഓഫീഷ്യോ അംഗങ്ങളായിരിക്കം.**<br><br>**സിഡിഎസ് തല കൺസോർഷ്യം:**<br><br>**സിഡിഎസ് പരിധിക്കുള്ളിൽ രൂപീകരിച്ച എഡിഎസ് തല കൺസോഷ്യത്തിലെ ടീം ലീഡർ ഉൾപ്പെടുന്ന സമിതിയാണ് സിഡിഎസ് തല കൺസോർഷ്യം. താഴെപറയുന്നവർ അംഗങ്ങളായിരിക്കം.**<br><br>1. **കൺസോർഷ്യം ലീഡർ**<br>2. **കൺസോർഷ്യം കോ-ഓർഡിനേറ്റർ**<br>3. **ടീം ലീഡ് ഫിനാൻസ്**<br>4. **ടീം ലീഡ് സാമൂഹ്യവികസനം**<br>5. **ടീം ലീഡ് ഉപജീവനം**<br>6. **സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ എക്സ് ഓഫീഷ്യോ അംഗങ്ങളായിരിക്കം** |

| | | |
|---|---|---|
| | | |
| 22.5 | **ഉദ്ദേശ്യ ലക്ഷ്യങ്ങൾ** | **22.5.1. ഉൽപാദനമേഖലയിലേക്ക് യുവതികളുടെ വിഭവ ശേഷിയെ ഉപയോഗപ്പെടുത്തുക. നൂതനവും വൈവിധ്യമാർന്നതുമായ ഉപജീവന സാധ്യതകൾ ഇതുവഴി സൃഷ്ടിക്കൽ.**<br><br>**22.5.2. ചെറുകിട ഉപജീവന മേഖലയിലെ സാധ്യതകളെ മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നതിന് പിന്തുണ നൽകുന്നതിനും, യുവതികളെ വൈജ്ഞാനിക സമ്പദ്ഘടനയുടെ ഭാഗമാക്കി മാറ്റി തൊഴിൽ സംസ്കാരത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ പ്രതലം സൃഷ്ടിക്കൽ**<br><br>**22.5.3. സ്വയം തൊഴിൽ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങി വിവിധ മേഖലയോടുള്ള കാഴ്ചപ്പാടുകൾ, രീതികൾ, തൊഴിൽ രംഗത്തെ ജെന്ഡർ കാഴ്ചപ്പാടുകൾ എന്നിവയിൽ മാറ്റം സൃഷ്ടിക്കൽ.**<br><br>**22.5.4. സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്ന ഒരു വേദി** |

| | | | |
|---|---|---|---|
| | | | ഒരുക്കൽ.<br><br>22.5.5. സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദിയായി ഓക്സിലറി ഗ്രൂപ്പുകളെ ശാക്തീകരിക്കൽ.<br><br>22.5.6. കക്ഷി-രാഷ്ട്രീയ-ജാതി-മത-വർഗ്ഗ ഭേദമന്യേഒരുമിച്ചു കൂടുന്നതിനും, നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിനും യുവതികളെ പ്രാപ്തമാക്കൽ.<br><br>22.5.7. നിലവിലെ സാമൂഹ്യ സാഹചര്യങ്ങൾക്ക് അനുസൃതമായി നാടിന്റെ വികസന പ്രവർത്തനങ്ങളിലും പൊതു വിഷയങ്ങളിലും ഇടപെടാനും ചർച്ച ചെയ്യാനും പ്രതികരിക്കാനുമുള്ള ആത്മവിശ്വാസം വാർത്തെടുക്കുവാനുള്ള ഇടമായി മാറ്റൽ.<br><br>22.5.8. നിലവിൽ സ്ത്രീകളുടെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നതിനുള്ള വിവിധ സർക്കാർ, സർക്കാരിതര വേദികളുമായി സംയോജിച്ച് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ.<br><br>22.5.9. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സഹകരണ സ്ഥാപനങ്ങൾ, വിവിധ പൊതുമേഖല, സ്വകാര് |

| | | |
|---|---|---|
| | | യ ഏജൻസികൾ നടപ്പിലാക്കുന്ന വിവിധങ്ങളായ ഉപജീവന, നൈപുണ്യ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും, സംയോജിച്ച് പ്രവർത്തിക്കുന്നതിനും ഇതുവഴി സുസ്ഥിര ഉപജീവനം സാധ്യമാക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കൽ.<br><br>22.5.10. സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ ചെയ്യുക വഴി സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തൽ. |

| | | |
|---|---|---|
| | | |
| 22.6. | സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ | ഓക്സിലറി ഗ്രൂപ്പുകൾക്ക് അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനപ്രകാരം സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.<br><br>ഓക്സിലറി ഗ്രൂപ്പംഗങ്ങൾക്ക് വിവിധ ഉപജീവന പ്രവർത്തനങ്ങൾക്കായി ത്രിതല സംഘടനാസംവിധാനം വഴി വായ്പകൾ അനുവദിക്കാവുന്നതാണ്. |
| 22.7. | പ്രവർത്തന മാർഗ്ഗ രേഖ | ഓക്സിലറി ഗ്രൂപ്പുമായി ബന്ധപ്പെട്ട പ്രവർത്തന മാർഗ്ഗരേഖ അതാത് സമയങ്ങളിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. |
| 23 | അനുഛേദം 22 അനുഛേദം 23-ലേയ്ക്ക് മാറ്റുന്നു | ബൈലോ ഭേദഗതി:<br><br>കേരള സർക്കാരിന്റെ അംഗീകാരത്തോടെ മാത്രമെ ഈ ബൈലോ |

| | | |
|---|---|---|
| | | യിൽ ഭേദഗതി വരുത്തുവാൻ പാടുള്ളു. |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോ ഭേദഗതി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും ( എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
എല്ലാ പഞ്ചായത്ത്/മുനിസിപ്പൽ/ കോർപറേഷൻ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
എല്ലാ സിഡിഎസ്/ എ.ഡി.എസ്-കൾക്കും ( എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/164/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 22-09-2025 12:00:31

സെക്ഷൻ ഓഫീസർ